# الطريق إلى السعادة

( باللغـة ا لمليباريـة )

تر  ة

محمد كوتي أبو بكر

المكتب التعاوني للدعوة والإرشاد وتوعية الجاليات بالشفا
( ت  إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد )
ص.ب. ٣١٧١٧. الرياض . ١١٤١٨ .
ت/ ٤٢٢٢٦٢٦ - ٤٢٠٠٦٢٠. فاكس . ٤٢٢١٩٠٦

# സൗഭാഗ്യത്തിലേക്കുള്ള പാത

വിവർത്തനം:

**മുഹമ്മദ് കുട്ടി കടന്നമണ്ണ**

**GUIDANCE OFFICE AT SHIFA**
(UNDER THE SUPERVISION OF THE MINISTRY OF ISLAMIC AFFAIRS)
**P.B.No. 31717. Riyadh 11418. K.S.A.**
**Tel. 4222626. 4200620. Fax. 4221906.**

# താളുകളിൽ


| | Page No. |
|---|---|
| ആമുഖം | 5 |
| സൗഭാഗ്യ സങ്കൽപ്പങ്ങൾ | 6 |
| ആധുനിക ലോകം | 8 |
| പടിഞ്ഞാറിന്റെ സൗഭാഗ്യം | 9 |
| ബ്രിട്ടൻ | 10 |
| അമേരിക്ക | 10 |
| സൗഭാഗ്യമോ ദൗർഭാഗ്യമോ? | 12 |
| യഥാർത്ഥ സൗഭാഗ്യം | 13 |
| വിശ്വാസിയുടെ ദീർഘ വീക്ഷണം | 15 |
| ദിവ്യദർശന സുവിശേഷങ്ങൾ | 16 |
| സൗഭാഗ്യ ചിത്രങ്ങൾ | 19 |
| സൗഭാഗ്യവതിയായ വനിത | 19 |
| സംതൃപ്തിയെന്ന സൗഭാഗ്യം | 20 |
| അസ്വസ്ഥതകളെ അതിജയിക്കുന്നു | 21 |
| പരീക്ഷണങ്ങളിലെ സ്ഥൈര്യം | 22 |
| സൗഭാഗ്യത്താൽ കരയുന്നു | 23 |
| സൗഭാഗ്യത്തിന്റെ ലക്ഷണം | 25 |
| അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കൽ | 26 |
| പരീക്ഷണങ്ങളിൽ ക്ഷമിക്കൽ | 27 |
| മടക്കവും പൊറുക്കലിനെ തേടലും | 28 |
| അഹങ്കാരവും ചതിയും വരുത്തുന്ന വിന | 29 |
| സൗഭാഗ്യവാന്മാരോടൊപ്പം | 30 |





| | |
|---|---|
| മനോദുഃഖ വിഷമങ്ങൾക്ക് പ്രതിവിധി | 31 |
| പാപങ്ങൾ ദുഃഖഹേതുക്കൾ | 32 |
| സൗഭാഗ്യവാന്മാരുടെ മൊഴികൾ | 33 |
| യഥാർത്ഥ അനുഭൂതി | 34 |
| ഇഹലോകത്തെ സ്വർഗ്ഗം | 35 |
| പ്രവാചകത്വ പ്രകാശം | 36 |
| സൗഭാഗ്യത്തിന്റെ മാർഗ്ഗം | 38 |
| പൂർണ്ണമായ ആനന്ദം | 39 |
| സൗഭാഗ്യം അല്ലാഹുവിലൂടെ | 40 |
| ഉപദേശവും സുവിശേഷവും | 40 |
| സൗഭാഗ്യം അറിവിലൂടെ | 42 |
| സൃഷ്ടികളുടെ അജ്ഞത | 44 |
| സൗഭാഗ്യ മാർഗ്ഗങ്ങൾ | 45 |


*********

## المقدمة

## ആമുഖം

➢ സൗഭാഗ്യം തേടി അതിനുപിന്നിൽ ദാഹാർത്ഥരായി നാവും തൂക്കിയിട്ട് നടക്കുന്നവരിലേക്ക്....

➢ ശാന്തിയും സമാധാനവുമുള്ള നല്ലൊരു ജീവിതം ആഗ്രഹിക്കുന്നവരിലേക്ക്....

➢ ഭയവും വിഷമവും സകല സമാധാനത്തെയും സ്വസ്ഥതയെയും തകർത്തെറിഞ്ഞവരിലേക്ക്

➢ മിഥ്യയായ സൗഭാഗ്യ സങ്കൽപ്പങ്ങളിൽ ഉഴറി ദുഃഖവും മനോവേദനകളുമല്ലാതെ മറ്റൊന്നും നേടാൻ കഴിഞ്ഞിട്ടില്ലാത്തവരിലേക്ക്....

➢ നാനാവശത്തു നിന്നും ദൗർഭാഗ്യത്താൽ വലയം ചെയ്യപ്പെട്ടവരിലേക്ക്...

➢ കാണുവാൻ കണ്ണുകളുള്ളവർക്കിതാ വ്യക്തമായ സൗഭാഗ്യ മാർഗ്ഗം....

➢ കടന്നുവരാൻ തയ്യാറുള്ളവർക്കിതാ മോക്ഷത്തിന്റെ മാർഗ്ഗം...

➢ ഇതാ സന്മാർഗ്ഗത്തിന്റെയും ഇഹപര വിജയങ്ങളുടെയും മാർഗ്ഗം...

➢ സൗഭാഗ്യം തേടുന്നവരെവിടെ...? അതിന്നായി ഉൽസാഹിക്കുന്നവരെവിടെ...?

➢ സൗഭാഗ്യ ദാഹികളേ ഇതിലേ.., മോക്ഷം തേടുന്നവരേ ഇതിലേ...

**–പ്രസാധകർ**



## أوهام السعادة

## സൗഭാഗ്യ സങ്കൽപ്പങ്ങൾ

**വിവിധ മതക്കാരും, ദേശക്കാരും, ഭാഷക്കാരുമായ, പല വർണ്ണങ്ങളിലുള്ള, ആചാരാനുഷ്ഠാനങ്ങളിലും ജോലികളിലും വൈവിധ്യം പുലർത്തുന്ന, വ്യത്യസ്ത ലക്ഷ്യ വീക്ഷണങ്ങൾ വെച്ച് പുലർത്തുന്ന വിവിധ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളോട് നിങ്ങളുടെ ജീവിത ലക്ഷ്യമെന്തെന്ന് ചോദിച്ചുനോക്കൂ. മോക്ഷമാണ് ഞങ്ങൾ തേടുന്നത് എന്നായിരിക്കും അവരുടെയെല്ലാം മറുപടി.**

**അതെ, സൗഭാഗ്യം–അഥവാ മോക്ഷം, അതാണ് യഥാർത്ഥത്തിൽ മുഴുവൻ മനുഷ്യരും തേടിക്കൊണ്ടിരിക്കുന്ന ലക്ഷ്യം, അറിയുക! അതുതന്നെയാണ് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗം!**

അപ്പോൾ,

* **വിശ്വാസി തന്റെ വിശ്വാസത്തിലൂടെ യത്നിക്കുന്നതും...**
* **അവിശ്വാസി അതിലൂടെ കാംക്ഷിക്കുന്നതും...**
* **മോഷ്ടാവ് തന്റെ മോഷണത്തിലൂടെ തേടുന്നതും...**
* **വ്യഭിചാരി തന്റെ വ്യഭിചാരത്തിലൂടെ കൊതിക്കുന്നതും.**
* **ധനാഢ്യൻ ധനം ശേഖരിക്കുന്നതിലൂടെ തേടുന്നതും...**
* **അധികാരി വർഗ്ഗങ്ങളും സ്ഥാന പദവികളുള്ളവരും അവകൊണ്ട് ലക്ഷ്യമാക്കുന്നതും...**
* **രാജ്യങ്ങൾ മാറി മാറി സഞ്ചരിക്കുന്ന ഒരു വിനോദ യാത്രികൻ കാംക്ഷിക്കുന്നതും...**

എല്ലാവരും കൊതിക്കുന്നതും തേടുന്നതും ഒന്നുമാത്രം. അതത്രെ സൗഭാഗ്യം... അഥവാ മോക്ഷം...

അതിനെല്ലാം പുറമെ മുഴുവൻ മനുഷ്യരും അന്വേഷിക്കുന്നത് അതേ സൗഭാഗ്യത്തെയാണ്. എന്നാൽ അവരിൽ അധികം പേരും യഥാർത്ഥ സൗഭാഗ്യമെന്തെന്ന് അറിഞ്ഞിട്ടില്ലെന്ന് മാത്രം. ഐഹികമായി അൽപം ആനന്ദവും സന്തോഷവും സംതൃപ്തിയും അവർ ആസ്വദിച്ചുവെന്നത് നേരാണ്. യഥാർത്ഥത്തിൽ സൗഭാഗ്യത്തിന്റെ പാന്ഥാവിലേക്ക് അവർ എത്തിച്ചേർന്നിട്ടില്ല. കാരണം, ഭയാശങ്കകളും വെപ്രാളവും ദുഃഖവും അസ്വസ്ഥതയും അവരുടെ ജീവിതത്തിന്റെ തെളിമ തന്നെ നഷ്ടപ്പെടുത്തുന്നു. അതവരുടെ എല്ലാ ആനന്ദങ്ങളും പോക്കിക്കളഞ്ഞിരിക്കുന്നു. സമീപ ഭാവിയിലെ ഭീകരമായ നഷ്ടം അവരുടെ ജീവിതം അസ്വസ്ഥപൂർണ്ണമാക്കുന്നു. മരണത്തെക്കുറിച്ചോർക്കുമ്പോൾ അവർ കിടുങ്ങുകയാണ്. അവരുടെ എല്ലാവിധ സമാധാനവും അതോടെ അസ്തമിക്കുകയാണ്.

അല്ലാഹു പറയുന്നു: '(നബിയേ,) പറയുക: തീർച്ചയായും ഏതൊരു മരണത്തിൽ നിന്ന് നിങ്ങൾ ഓടി അകലുന്നുവോ തീർച്ചയായും അത് നിങ്ങളുമായി കണ്ടുമുട്ടുന്നതാണ്. പിന്നീട് അദൃശ്യവും ദൃശ്യവും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അവൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്' (ജുമുഅ: 8).

*********



## العالم اليوم

## ആധുനിക ലോകം

ദൗർഭാഗ്യത്തിന്റെയും, നിത്യഭയത്തിന്റെയും, ശാരീരികവും മാനസികവുമായ അസ്വസ്ഥതകളുടെയും പടുകുഴിയിലാണിന്ന് ആധുനിക ലോകം. ആധുനിക വൈദ്യശാസ്ത്രത്തിന് പോലും തടയിടാനാവാതെ മാരകമായ രോഗങ്ങൾ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. വൈദ്യ ശാസ്ത്രം അവക്കുമുമ്പിൽ പകച്ചുനിൽക്കുന്നു. മാത്രവുമല്ല, അതിന്റെ മൂല കാരണങ്ങൾ എന്താണെന്നും അതിൽ നിന്നെങ്ങനെ രക്ഷ നേടാമെന്നും അറിയാൻ പോലും മനുഷ്യൻ അശക്തനായിരിക്കുന്നു.

* ഓരോ വർഷവും മില്യൺ കണക്കിന് മനുഷ്യരെ എയ്ഡ്സ് കൊന്നൊടുക്കിക്കൊണ്ടിരിക്കുന്നു.
* വിവിധ ക്യാൻസർ രോഗങ്ങൾ മില്യൺ കണക്കിനു മനുഷ്യരെ ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുന്നു.
* അന്തരീക്ഷ മലിനീകരണവും വൃത്തിഹീനമായ പരിസരവും മില്യൺ കണക്കിന് മനുഷ്യരെ ഭൂമുഖത്തു നിന്നും ഉന്മൂലനം ചെയ്യുന്നു.
* ലഹരി പദാർത്ഥങ്ങളും ലഹരി പാനീയങ്ങളും മില്യണുകളെ നശിപ്പിക്കുന്നു.
* വ്യത്യസ്ത സ്വഭാവ ദൂഷ്യങ്ങൾ ലോകത്തെത്തന്നെ ഉന്മൂലനം ചെയ്യുന്നു.
* വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ പല കാരണങ്ങളാൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

* രാജ്യങ്ങൾ തമ്മിൽ യുദ്ധവും, സമുദായങ്ങളിൽ ആഭ്യന്തര കലാപങ്ങളും അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നു.

* പട്ടിണിയും രോഗങ്ങളും പകർച്ചവ്യാധികളും കാരണമായി പാവപ്പെട്ടവർ ലോകത്ത് മരിച്ചുകൊണ്ടിരിക്കുന്നു.

* എന്തൊരു ലോകമാണിത്? ഈ നിലക്ക് തിന്മകൾ നടമാടുമ്പോൾ സൗഭാഗ്യം എങ്ങനെ യാഥാർത്ഥ്യമാവാനാണ്?

ആഴിയിലെ അലകൾ പോലെ ലോകത്തെത്തന്നെ ഇളക്കിമറിച്ച് കൊണ്ടിരിക്കുന്ന ഈ പ്രശ്നങ്ങൾക്ക് നടുവിൽ മനുഷ്യൻ വിഭ്രാന്തനാവുകയാണ്. അസ്വസ്ഥചിത്തനായും നിരാശയോടെയും അവൻ അങ്ങുമിങ്ങും ചോദിക്കുന്നു:

**?** ഞാൻ ഏത് മാർഗ്ഗത്തിൽ പ്രവേശിക്കും?

**?** ഏതൊരു താഴ്വര എനിക്കഭയം നൽകും?

## سعادة الغرب

## പടിഞ്ഞാറിന്റെ സൗഭാഗ്യം

ചിലരുടെ ധാരണയിൽ പടിഞ്ഞാറൻ ലോകം സുഖ സമൃദ്ധിയുടെയും ഉന്നതിയുടെയും ഉത്തുംഗതയിലാണ്. പടിഞ്ഞാറൻ ലോകം ഉന്നതമായ സൗഭാഗ്യത്തിലും ശാന്തിയിലും സമാധാനത്തിലുമാണെന്നാണവരുടെ ചിന്താഗതി. എന്നാൽ വസ്തുത മറിച്ചാണെന്നതാണ് സത്യം. തങ്ങളുടെ ജീവിതത്തിലെ ഏറ്റവും മോശമായ അവസ്ഥയിലാണ് പാശ്ചാത്യർ ഇന്ന് ജീവിച്ചു കൊണ്ടിരിക്കുന്നതെന്നതിന് അവിടത്തെ സംഭവവികാസങ്ങൾ സാക്ഷിയാണ്. പാശ്ചാത്യൻ സ്ഥാപനങ്ങളും ട്രസ്റ്റുകളും പുറത്തുവിടുന്ന കണക്കുകൾ ഇതിനെ ശക്തിപ്പെടുത്തുന്നു.



## ബ്രിട്ടൻ بريطانيا

തങ്ങൾക്ക് നേരിട്ടേക്കാവുന്ന കൈയേറ്റങ്ങളും മാനഭംഗങ്ങളും കാരണമായി, ബ്രിട്ടനിലെ 20നും 35നും ഇടക്ക് പ്രായമുള്ള 80 ശതമാനം സ്ത്രീകളും തലസ്ഥാനത്തെയും വലിയ പട്ടണങ്ങളുടെ തെരുവീഥികളിലൂടെയും ഉൾപ്രദേശങ്ങളിലുള്ള റോഡുകളിലൂടെയും തനിയെ സഞ്ചരിക്കാൻ ഭയപ്പെടുന്നവരാണെന്ന് യൂറോപ്യൻ സാമൂഹ്യക്ഷേമ വകുപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ പഠന റിപ്പോർട്ടിൽ പറയുന്നു.

20നും 35നും ഇടക്ക് പ്രായമുള്ള നാലിലൊന്ന് സ്ത്രീകളും, തലസ്ഥാന നഗരിയിലും പട്ടണങ്ങളിലും സഞ്ചരിക്കുമ്പോൾ തന്റെ വാനിറ്റിബേഗിൽ കത്തിയോ മറ്റ് ആയുധമോ കൊണ്ടുനടക്കുന്നവരാണത്രെ!, അതേ പഠന റിപ്പോർട്ടിൽ തുടർന്ന് പറയുന്നു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മാനഭംഗക്കേസുകൾ മൊത്തം കുറ്റകൃത്യങ്ങളുടെ 24 ശതമാനമായി ഉയർന്നിട്ടുണ്ട്! ലണ്ടനിൽ മാത്രം ഇത് 50 ശതമാനമുണ്ടത്രെ! മറ്റൊരു റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു.

## അമേരിക്ക أمريكا

1994 ൽ അമേരിക്ക സന്ദർശിച്ച ഒരു സന്ദർശകന്റെ ശ്രദ്ധയിൽപ്പെട്ട ഒരു കാര്യം, അദ്ദേഹത്തെ ഉദ്ധരിച്ചുകൊണ്ട് അമേരിക്കയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'ന്യൂസ് വീക്' മാസികയിൽ പറയുന്നു: കുട്ടികളിലൊരാളെപ്പോലും അദ്ദേഹത്തിന് റോഡിൽ കാണാൻ കഴിഞ്ഞില്ല, തട്ടിക്കൊണ്ട് പോകലിനും

മാനഭംഗപ്പെടുത്തലിനും കൈയേറ്റം ചെയ്യലിനും വിധേയമാകുമെന്ന് ഭയന്ന് ഒരൊറ്റ കുടുംബവും തങ്ങളുടെ കുഞ്ഞുങ്ങളെ തനിയെ റോഡിലേക്കിറങ്ങാൻ അനുവദിക്കുന്നില്ല'. മാസിക പുറത്തുവിട്ട അക്രമ സംഭവങ്ങളുടെ ചില കണക്കുകൾ ഇപ്രകാരമാണ്:

1- 1985 നും 1993 നും ഇടയിൽ കുട്ടികളുടെ നേർക്കുള്ള കയ്യേറ്റം 40 ശതമാനത്തോളം വർദ്ധിച്ചു.

2- പകുതിയിലധികം അമേരിക്കൻ കുട്ടികളും അക്രമിക്കപ്പെടുമെന്ന് ഭയപ്പെട്ടുകൊണ്ടാണ് കഴിച്ചുകൂട്ടുന്നത്.

3- കൊലപാതകം പോലെയുള്ള ക്രിമിനൽ കുറ്റങ്ങളടക്കം അക്രമങ്ങളുടെ തോത് 68 ശതമാനം വരെ വർദ്ധിച്ചിരിക്കുന്നുവെന്ന്, അമേരിക്കൻ നീതിന്യായ മന്ത്രാലയം പുറത്തിറക്കിയ ഔദ്യോഗിക പത്രക്കുറിപ്പിൽ ചൂണ്ടിക്കാണിക്കുന്നു.

4- കൈയേറ്റങ്ങൾ 1993ൽ 80 ശതമാനമായി ഉയർന്നു. ഒട്ടാ കെ 77900 കൈയേറ്റ സംഭവങ്ങൾ ഉണ്ടായി.

5- മോഷണക്കേസുകൾ 52 ശതമാനമായും ബലാൽസംഗ ക്കേസുകൾ 27 ശതമാനമായും ഉയർന്നു.

6- വിവാഹമോചനം നിമിത്തമോ അല്ലെങ്കിൽ എഴുപതുകളിൽ വേർപിരിഞ്ഞതിനാലോ മാതാപിതാക്കളിൽ ഏതെങ്കിലുമൊരാളുടെ സംരക്ഷണത്തിൽ മാത്രം കഴിയുന്ന കുട്ടികൾ ഇരട്ടിയായി ഉയർന്നു.

എങ്കിൽ, 'അസമാധാനത്തിനും ദുർഭഗതക്കും അണിയിക്കപ്പെട്ട ഭംഗിയുള്ള ഒരു മുഖംമൂടി മാത്രമാണ് ന്യൂയോർക്കിലെ ജീവിതം' എന്ന് അഭിപ്രായപ്പെട്ട പാശ്ചാത്യൻ ചിന്തകരിലൊരാളുടെ വാക്കുകളിൽ ആശ്ചര്യപ്പെടാനൊന്നുമില്ല.



## سعادة أم شقاء

## സൗഭാഗ്യമോ ദൗർഭാഗ്യമോ

ഇനി ചില വ്യക്തികളെക്കൂടി നമുക്ക് പഠനവിധേയമാക്കാം. ഒരു പ്രശസ്ത കാബറെ നർത്തകിയായിരുന്ന മാർലിൻ മോൻറോ. തന്റെ അംഗ ലാവണ്യങ്ങൾ കൊണ്ട് മറ്റുള്ളവരുടെ മനം കവർന്നിരുന്ന ഇവർ ഒടുവിൽ ആത്മഹത്യയിലൂടെയാണ് ജീവനൊടുക്കിയത്. സിനിമാലോകത്തേക്ക് പ്രവേശിക്കാൻ അവസരം കാത്തിരിക്കുന്ന യുവതികളിലേക്കായി മരണത്തിന് മുമ്പ് ഇവർ എഴുതി വെച്ചിരുന്ന ഒരു സന്ദേശം, ഇവരുടെ ആത്മഹത്യയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്ന രഹസ്യാന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തുകയുണ്ടായി. സന്ദേശത്തിൽ അവർ പറയുന്നു: 'പ്രിയപ്പെട്ട പെൺകുട്ടീ, ഉയരുവാനുള്ള നിന്റെ അത്യാഗ്രഹത്തിൽ നീ ജാഗ്രത കൈക്കൊള്ളുക... മോഹിപ്പിച്ചുകൊണ്ട് നിന്നെ വശീകരിക്കുന്ന മുഴുവൻ വഞ്ചകരെയും നീ സൂക്ഷിക്കുക... ഈ ഭൂമുഖത്തെ ഏറ്റവും ദുർഭഗയായ സ്ത്രീയാണ് ഞാൻ... ഒരു മാതാവാകാൻ എനിക്ക് സാധ്യമായില്ല... ഞാനൊരു സ്ത്രീയാണെന്നത് ഞാൻ മറക്കരുതായിരുന്നു... എനിക്കേറ്റവും ഉത്തമം വീടായിരുന്നു... മാന്യമായൊരു കുടുംബ ജീവിതമാണ് മറ്റെന്തിനേക്കാളും ഏറ്റവും ശ്രേഷ്ഠം... യഥാർത്ഥത്തിൽ ഒരു സ്ത്രീയുടെ സൗഭാഗ്യം കുടികൊള്ളുന്നത് മാന്യവും വിശുദ്ധവുമായൊരു കുടുംബജീവിതത്തിലാണ്. അറിയുക, തീർച്ചയായും ഈ കുടുംബ ജീവിതമാണ് സ്ത്രീയുടെ- അല്ല, മുഴുവൻ മനുഷ്യരുടെയും സൗഭാഗ്യത്തിന്റെ അടയാളം" **( زهرات نسائية )**

പ്രസിദ്ധ ഗായകനായ അബ്ദുൽ ഹലീം ഹാഫിദും ലോക പ്രശസ്ത സിനിമാനടനായ ഉമർ അശ്ശരീഫും തമ്മിൽ നടന്ന ഒരു ടെലഫോൺ സംഭാഷണം വർഷങ്ങൾക്കുമുമ്പ് ചില വാർത്താ മാധ്യമങ്ങൾ സംപ്രേഷണം ചെയ്യുകയുണ്ടായി. അതിൽ ഉമർ അശ്ശരീഫിനോട് അബ്ദുൽ ഹലീം ചോദിക്കുകയാണ്: 'ഉമർ! താങ്കൾ സന്തോഷവാനല്ലേ'? അപ്പോൾ ഉമറിന്റെ മറുപടി: 'സന്തോഷ സൗഭാഗ്യമെന്തെന്ന് ഞാൻ ഇതുവരെ ആസ്വദിച്ചറിഞ്ഞിട്ടില്ല' ( طريق السعادة )

## السعادة الحقيقية

## യഥാർത്ഥ സൗഭാഗ്യം

മുമ്പ് പറയപ്പെട്ടവരിൽ നിന്നും വ്യത്യസ്തരായൊരു വിഭാഗം കൂടിയുണ്ടിവിടെ. യഥാർത്ഥ സൗഭാഗ്യത്തിന്റെ കരളിനെ, അഥവാ അതിന്റെ മർമ്മം കണ്ടെത്തിയവരാണവർ. സൗഭാഗ്യത്തിന്റെ മാർഗ്ഗമേതെന്നവർ അറിഞ്ഞു, അതിൽ പ്രവേശിക്കുകയും ചെയ്തു. ദുർഭഗതയുടെ വഴിയവർ അറിഞ്ഞു, അതിനെ വെടിയുകയും ചെയ്തു. ഇവർ കാര്യങ്ങളെ ദീർഘ വീക്ഷണത്തോടെ നോക്കിക്കണ്ടവരാണ്. ഇവരുടെ ദൃഷ്ടി ഐഹിക ജീവിതത്തിനപ്പുറം മരണാനന്തരമുള്ള ജീവിതത്തിലേക്കു കൂടി എത്തിച്ചേർന്നു. ദൈവാരാധനയിലും അവനുള്ള അനുസരണത്തിലും അവന്റെ തൃപ്തിയിലും സംതൃപ്തി കണ്ടെത്തിയ സത്യവിശ്വാസികളാണവർ. അവന്റെ കൽപനകൾ പ്രാവർത്തികമാക്കുന്നതിലും നിരോധനങ്ങൾ വെടിയുന്നതിലും സൗഭാഗ്യം ദർശിച്ചവരാണവർ. അവന്റെ മുമ്പിൽ നിന്ന് നമസ്കരി



ക്കുമ്പോൾ അവർക്കെന്തെന്നില്ലാത്ത ആശ്വാസം. അവനെ സ്നേഹിക്കുന്നതിലും, അവനോട് ആവശ്യങ്ങൾ നിരത്തി പരിഹാരം തേടുന്നതിലും അവർ സമാധാനം കാണുന്നു. അവന്റെ സൃഷ്ടികളെക്കുറിച്ച് ചിന്തിക്കുമ്പോൾ, ശരീരങ്ങളിലും പ്രപഞ്ചത്തിലുമുള്ള അവന്റെ ദൃഷ്ടാന്തങ്ങളെ പഠിക്കുമ്പോൾ, അവന്റെ വചനങ്ങൾ പാരായണം ചെയ്യുമ്പോൾ, അതിലെ നിയമങ്ങളെക്കുറിച്ച് ഗവേഷണം നടത്തുമ്പോൾ അവാച്യമായ അനുഭൂതിയും മനശ്ശാന്തിയും അവർക്കാസ്വദിക്കാൻ സാധിക്കുന്നു.

പലപ്പോഴും ഇവരിൽ പലരും തന്റെ ദൈനംദിന ചിലവിന് മാർഗ്ഗമില്ലാത്തവരായിരിക്കും. എങ്കിലും യഥാർത്ഥ സൗഭാഗ്യം അനുഭവിക്കുന്നവരാണവർ, ഈ ഭൂമിയുടെയും അതിലെ മുഴുവൻ സമ്പത്തിന്റെയും ഉടമയായ ഒരു രാജാവിനെപ്പോലെ യഥാർത്ഥമായ ഐശ്വര്യം അവർ ആസ്വദിക്കുന്നു. അല്ലാഹു പറയുന്നു:

﴿ قُلْ بِفَضْلِ ٱللَّهِ وَبِرَحْمَتِهِۦ فَبِذَٰلِكَ فَلْيَفْرَحُوا۟ هُوَ خَيْرٌ مِّمَّا يَجْمَعُونَ ﴾

'പറയുക, അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടുമാണത്. അത് കൊണ്ട് അവർ സന്തോഷിച്ചു കൊള്ളട്ടെ. അതാണ് അവർ സമ്പാദിച്ചുകൂട്ടിക്കൊണ്ടിരിക്കുന്നതിനെക്കാൾ ഉത്തമമായിട്ടുള്ളത്' (യൂനുസ്: 58).

لَسْتُ أَرَى السَّعَادَةَ جَمْعَ مَالٍ وَلَكِنْ التَّقِيُّ هُوَ السَّعِيدُ

'ധനശേഖരണമാണ് സൗഭാഗ്യമെന്ന് എനിക്കഭിപ്രായമില്ല. എന്നാൽ ദോഷബാധയെ സൂക്ഷിക്കുന്ന മുത്തഖിയാണ് യഥാർത്ഥ സൗഭാഗ്യവാൻ' എന്ന ഈരടികൾ എത്ര അർത്ഥഗർഭം.

## بصيرة المؤمن

## വിശ്വാസിയുടെ ദീർഘവീക്ഷണം

പ്രവേശിക്കേണ്ട വഴിയേതെന്നറിയില്ല, അഭയം തേടേണ്ട താഴ്‌വാരമേതെന്നറിയില്ല, ലക്ഷ്യമെന്തെന്നറിയില്ല. ലോകത്തിന്റെ കൂലംകുത്തിയുള്ള ഒഴുക്കിലൂടെ നീങ്ങിക്കൊണ്ടിരിക്കുമ്പോൾ മനുഷ്യൻ പരിഭ്രാന്തനായി നട്ടം തിരിയുകയാണ്. എന്നാൽ, ഒരു സത്യവിശ്വാസിക്ക് ഒരിക്കലും ആ പരിഭ്രാന്തി ഉണ്ടാവുകയില്ല, ഒരു വെപ്രാളവും അസ്വസ്ഥതയും അവനെ പിടികൂടുകയുമില്ല.

അവന്റെ മുമ്പിൽ വഴി വളരെ വ്യക്തമാണ്. സൗഭാഗ്യത്തിന്റെ മിന്നൽപ്പിണരുകളിതാ ചക്രവാളത്തിൽ മിന്നുന്നു. സൗഭാഗ്യ ലബ്ധിക്കായി എന്തു ത്യാഗം സഹിക്കാനും അവൻ തയ്യാറാണ്. തന്റെ ലക്ഷ്യത്തിലേക്കെത്തുവാനുള്ള അനേകം ഘട്ടങ്ങളെ ഓരോന്നോരോന്നായി അവൻ തരണം ചെയ്തു കൊണ്ടിരിക്കുന്നു. ഓരോ ഘട്ടം തരണം ചെയ്യുമ്പോഴും അടുത്ത ഘട്ടം അവന്നുമുമ്പിൽ തെളിഞ്ഞു വരുന്നു. ഇപ്രകാരം ക്ലേശങ്ങളും ത്യാഗങ്ങളും സഹിച്ച് തന്റെ രക്ഷിതാവിലേക്കുള്ള പ്രയാണം അവൻ തുടരുന്നു. അങ്ങനെ ഈ യാത്രയും ഈ ത്യാഗങ്ങളും അവന്റെ സൗഭാഗ്യമായി മാറുന്നു. ഈ അവസ്ഥയിൽ അവൻ മരിക്കുമ്പോൾ അവന് ഐഹിക ലോകത്ത് ഒന്നും നഷ്ടപ്പെടേണ്ടി വരുന്നില്ല. പരലോകത്താണെങ്കിലോ ശാശ്വതമായ സൗഭാഗ്യം കൊണ്ടവൻ വിജയിക്കുകയും ചെയ്യുന്നു. ഇപ്രകാരം തന്റെ യാത്ര തുടരുന്നേടത്തോളം, രക്ഷിതാവിങ്കൽ ഉന്നതമായ പദവികളിലേക്കും മഹത്തായ സ്ഥാനങ്ങളിലേക്കും അവൻ കയറിക്കൊണ്ടേയിരിക്കും. ഈ ലോകത്താവട്ടെ, അവന്ന് കൺകുളിർമ്മയേകുന്ന മനസ്സമാധാനവും.



## بشارات الوحي

## ദിവ്യദർശന സുവിശേഷങ്ങൾ

ദിവ്യദർശനത്തിന്റെ സുവിശേഷങ്ങൾ വിശ്വാസിക്ക് സ്ഥൈര്യം നൽകുകയും, അവന് സന്തോഷവാർത്ത അറിയിക്കുകയും, അവന് സമാധാനം നൽകുകയും ചെയ്യുന്നു. കാരണം അവൻ സഞ്ചരിക്കുന്നത് ശരിയായ പാന്ഥാവിലൂടെയും കൃത്യമായ വഴിയിലൂടെയുമാണ്. അല്ലാഹു പറയുന്നു:

﴿ وَأَنَّ هَٰذَا صِرَٰطِي مُسْتَقِيمًا فَٱتَّبِعُوهُ ۖ وَلَا تَتَّبِعُوا۟ ٱلسُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِۦ ۚ ذَٰلِكُمْ وَصَّىٰكُم بِهِۦ لَعَلَّكُمْ تَتَّقُونَ ﴾ **(الأنعام:١٥٣)**

'ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റു മാർഗ്ഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗ്ഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ചു കളയും' (അൻആം: 153).

സുഭഗരുടെ താവളമേതെന്നും, ദുർഭഗരുടെ മടക്കസ്ഥലമേതെന്നും, ചോദിക്കപ്പെട്ടാൽ അതിന്റെ ഉത്തരമെന്ത്?

ഇതാ അതിന്റെ മറുപടിയായി ദിവ്യസന്ദേശം വന്നിരിക്കുന്നു. അല്ലാഹു പറയുന്നു: 'എന്നാൽ നിർഭാഗ്യമടഞ്ഞവരാകട്ടെ അവർ നരകത്തിലായിരിക്കും. അവർക്കവിടെ നെടുവീർപ്പും തേങ്ങിക്കരച്ചിലുമാണുണ്ടായിരിക്കുക. ആകാശങ്ങളും ഭൂമിയും

നിലനിൽക്കുന്നേടത്തോളം അവരതിൽ നിത്യവാസികളായിരിക്കും. നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചതൊഴികെ. തീർച്ചയായും നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് തികച്ചും നടപ്പിലാക്കുന്നവനാകുന്നു. എന്നാൽ സൗഭാഗ്യം സിദ്ധിച്ചവരാകട്ടെ, അവർ സ്വർഗ്ഗത്തിലായിരിക്കും. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്നേടത്തോളം അവരതിൽ നിത്യവാസികളായിരിക്കും. നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചതൊഴികെ. നിലച്ചുപോകാത്ത ഒരു ദാനമായിരിക്കും അത്' (ഹൂദ്: 106–108).

സൗഭാഗ്യവാന്മാരാവാൻ നാം എന്ത് ചെയ്യണമെന്ന ചോദ്യത്തിന് ദിവ്യസന്ദേശത്തിന്റെ മറുടി: അല്ലാഹു പറയുന്നു: 'അപ്പോൾ എന്റെ മാർഗ്ഗദർശനം ആർ പിൻപറ്റുന്നുവോ അവൻ പിഴച്ചുപോവുകയില്ല. കഷ്ടപ്പെടുകയുമില്ല. എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപ്പിച്ച് കൊണ്ടുവരുന്നതുമാണ്' (ത്വാഹാ: 123,124). ദിവ്യസന്ദേശം വീണ്ടും പറയുന്നു:

'ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽക്കർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും' (നഹ്ൽ: 97).

തന്റെ രക്ഷിതാവിലേക്ക് അടുക്കും തോറും വിശ്വാസിയുടെ സൗഭാഗ്യം വർദ്ധിച്ചുകൊണ്ടേയിരിക്കും. അവന്റെ പ്രവർ



ത്തനം കൂടുതൽ നിഷ്കളങ്കമാക്കുകയും അവന്റെ സന്മാർഗ്ഗത്തെ പിൻപറ്റുകയും ചെയ്തുകൊണ്ടിരിക്കും. അതിൽ വീഴ്ച വരുത്തുന്നതിനനുസരിച്ച് അവന്റെ സൗഭാഗ്യത്തിൽ കുറവ് വരികയും ചെയ്യും.

അതിനാൽത്തന്നെ ഒരു വിശ്വാസി മനസ്സ് ശാന്തമായവനും, ഹൃദയം സ്വസ്ഥമായവനും, ശുദ്ധമനസ്കനും, സമാധാന ചിത്തനുമായിരിക്കും. തനിക്കൊരു രക്ഷിതാവുണ്ടെന്നും തന്റെ കാര്യങ്ങളഖിലവും അവന്റെ പക്കലാണെന്നും അവനറിയാം. ലോക നിയമങ്ങൾ മുഴുക്കെയും അവന്റെ അധികാരാധിപത്യത്തിലാണ്. നന്മയും തിന്മയും അവനിൽ നിന്നാണെന്നും അവൻ തനിക്ക് വിധിച്ചതല്ലാതെ മറ്റൊന്നും തനിക്ക് ബാധിക്കുകയില്ലെന്നും അവൻ ഉറച്ച് വിശ്വസിക്കുന്നു. നബി (സ) പറയുന്നു:

**( عجباً لأمر ا ؤمن إن أمره كله خ له ، وليس ذلك لأحد إلا للمؤمن ، إن أصابته سراء شكر فكان خ اً له ، وإن أصابته ضراء صد فكان خ اً له )**

'ഒരു വിശ്വാസിയുടെ കാര്യം അൽഭുതം തന്നെ! (കാരണം) അവന്റെ കാര്യങ്ങളെല്ലാം തന്നെ അവന് ഗുണകരമാണ്. അതാവട്ടെ ഒരു വിശ്വാസിക്കല്ലാതെ ലഭ്യമല്ലതാനും. (അതായത്) സന്തോഷകരമായ വല്ലതും അവന് അനുഭവപ്പെട്ടാൽ അതിന്നവൻ നന്ദി കാണിക്കും. അതവന് ഗുണകരമായി മാറുന്നു. (അതുപോലെ) അവന് ദോഷകരമായ വല്ലതും അവനെ ബാധിച്ചാൽ അവൻ ക്ഷമ കൈക്കൊള്ളുന്നു. അതും അവന്ന് നന്മയായി മാറുന്നു'.

നോക്കൂ! ഇതുതന്നെയല്ലേ യഥാർത്ഥ സമാധാനത്തിന്റെ മൂർത്ത രൂപം?, യഥാർത്ഥ സൗഭാഗ്യത്തിന്റെ ഉന്നതാവസ്ഥ!?.

## صور من السعادة

## സൗഭാഗ്യ ചിത്രങ്ങൾ

സൗഭാഗ്യമെന്നത് ഒരു ആശയമാണ്, അത് കണ്ണ് കൊണ്ട് കാണുവാനോ, അളവുപാത്രം കൊണ്ട് അളക്കുവാനോ, ഖജനാവിൽ സൂക്ഷിക്കുവാനോ, ദീനാറും ഡോളറും കൊണ്ട് വാങ്ങുവാനോ സാധ്യമല്ല.

സൗഭാഗ്യമെന്നത് തന്റെ പാർശ്വങ്ങളിലൂടെ അനുഭവിച്ചറിയാൻ കഴിയുന്നതും കൂടിയാണ്. മനസ്സിന്റെ തെളിമയിലൂടെ, ഹൃദയശാന്തിയിലൂടെ, മനോവിശാവതയിലൂടെ, സ്വസ്ഥതയിലൂടെയെല്ലാം വിശ്വാസിക്ക് അത് അനുഭവിച്ചറിയാം.

സൗഭാഗ്യം.. അത് മനുഷ്യന്റെ അകത്തളങ്ങളിൽ അനുഭവപ്പെടുന്നതും ഉറവെടുക്കുന്നതുമാണ്, ബാഹ്യാവയവങ്ങളിൽ നിന്നും പുറപ്പെടുന്നതല്ല.

## امرأة سعيدة

## സൗഭാഗ്യവതിയായ വനിത

ഒരുസംഭവം. ഭാര്യയോട് കോപിഷ്ഠനായൊരു വ്യക്തി കലിമൂത്ത് അവളോട് പറഞ്ഞു: 'എടീ നിന്നെ ഞാൻ ഭാഗ്യം കെട്ടവളാക്കും'. വളരെ ശാന്തയായി അവർ പറഞ്ഞു: 'എന്നെ ഭാഗ്യവതിയാക്കാൻ നിങ്ങൾക്ക് കഴിയാത്തതുപോലെത്തന്നെ എന്നെ ഭാഗ്യം കെട്ടവളാക്കാനും നിങ്ങൾക്ക് കഴിയില്ല'. 'എന്തുകൊണ്ടെനിക്ക് കഴിയില്ല'? രോഷത്തോടെ ഭർത്താവ് ചോദിച്ചു. അപ്പോൾ ദൃഢസ്വരത്തിൽ അവർ പറഞ്ഞു: 'നിങ്ങൾ എനിക്ക് ചിലവിന് കണക്കാക്കിത്തരുന്നതിലാണ് സൗഭാഗ്യമെങ്കിൽ അത് നിറുത്തലാക്കാൻ നിങ്ങൾക്ക് സാധിക്കും. അതല്ല ആഭരണങ്ങളും മറ്റു സൗകര്യങ്ങളിലുമാണെങ്കിൽ അത് തടയാനും നിങ്ങൾക്ക് കഴിയും. എന്നാൽ സൗഭാഗ്യം നിങ്ങളെന്നല്ല മുഴുവൻ മനുഷ്യരുടെയും ഉടമയിലല്ലാത്ത കാര്യമാണ്. അന്ധാളിപ്പോടെ ഭർത്താവ് ചോദിച്ചു: 'എന്താണത്? അപ്പോൾ ദൃഢസ്വരത്തിൽ അവർ പറഞ്ഞു: 'എന്റെ സൗഭാഗ്യം ഞാൻ കാണുന്നത് എന്റെ വിശ്വാസത്തിലാണ്, വിശ്വാസമാകട്ടെ എന്റെ ഹൃദയത്തിലുമാണ്. എന്റെ രക്ഷിതാവൊഴികെ വേറെയാർക്കും എൻെറ ഹൃദയത്തിന്മേൽ അധികാരമില്ല'.



## سعادة الرضا والقناعة

## സംതൃപ്തിയെന്ന സൗഭാഗ്യം

എഫ്. എസ്. ബോഡ്‌ലി എന്ന എഴുത്തുകാരൻ 'ദൈവത്തിന്റെ സ്വർഗ്ഗത്തിൽ ഞാൻ ജീവിച്ചു' എന്ന തലക്കെട്ടിൽ എഴുതിയ ഒരു ലേഖനത്തിൽ പറയുന്നു: 'എന്റെ ജീവിതകാലം മുഴുവൻ പരിചയിച്ച സ്വദേശത്തെ ഉപേക്ഷിച്ചുകൊണ്ട് 1918ൽ വടക്കു പടിഞ്ഞാറൻ ആഫ്രിക്കാഭൂഖണ്ഡത്തിലേക്ക് ഞാൻ യാത്ര തിരിച്ചു. അവിടെ ഗ്രാമീണരോടൊപ്പം ഏഴുവർഷത്തോളം മരുഭൂമിയിൽ ഞാൻ ജീവിക്കുകയുണ്ടായി. ഇക്കാലത്തിനിടക്ക് ബദുക്കളുടെ (ഗ്രാമീണരുടെ) ഭാഷ ഞാൻ വശമാക്കി. അവരെപ്പോലെത്തന്നെ ഞാൻ അത് ഉപയോഗിക്കുമായിരുന്നു. അവരുടെ ഭക്ഷണം ഞാൻ കഴിക്കുകയും അവരുടെ ബാഹ്യ ജീവിത രീതികൾ ഞാൻ സ്വീകരിക്കുകയും ചെയ്തിരുന്നു. അവ

രെപ്പോലെ ആടുകളെ മേക്കാൻ ഞാനും രാവിലെ പുറപ്പെടും. അവർ ഉറങ്ങുന്നതുപോലെ ഞാനും ടെന്റുകളിലായിരുന്നു ഉറങ്ങിയിരുന്നത്.

ഇക്കാലത്ത് ഇസ്ലാമിനെക്കുറിച്ച് പഠിക്കുന്നതിൽ ഞാൻ മുഴുകി. അങ്ങനെ 'സന്ദേശവാഹകൻ' എന്ന പേരിൽ പ്രവാചകൻ മുഹമ്മദ് (സ)യെക്കുറിച്ച് ഞാനൊരു ഗ്രന്ഥം തന്നെ രചിക്കുകയുണ്ടായി. നാടോടികളായ ആ ഗ്രാമീണരോടൊപ്പം ഞാൻ കഴിച്ചുകൂട്ടിയ ആ വർഷങ്ങളത്രയും എന്റെ ജീവിതത്തിലെ ഏറ്റവും ആനന്ദകരമായ ആയുഷ്കാലമായിരുന്നു. സമാധാനത്തോടെയും ശാന്തിയോടെയും സന്തുഷ്ടിയോടെയുമാണ് ഞാനാ ജീവിതം കഴിച്ചുകൂട്ടിയത്.

## تغلب على القلق

## അസ്വസ്ഥതകളെ അതിജയിക്കുന്നു

അദ്ദേഹം പറയുന്നു: 'അങ്ങനെ ആ മലരാണ്യ അറബികളിൽ നിന്നും അസ്വസ്ഥതകളെ എങ്ങനെ അതിജയിക്കാമെന്ന് ഞാൻ പഠിച്ചു. തങ്ങൾ മുസ്ലിംകളാണെന്നാണ് അവർ തന്നെ അവരെ വിശേഷിപ്പിക്കുന്നത്. 'ഖദാഇ'ലും 'ഖദ്റി'ലും (അല്ലാഹുവിന്റെ വിധിയിലും തീരുമാനത്തിലും) അവർ വിശ്വസിക്കുന്നു. നിർഭയത്വത്തോടെ ജീവിക്കാൻ ഈ വിശ്വാസമാണവരെ സഹായിച്ചിരുന്നത്. വളരെ ലളിതവും നിസ്സാരവുമായിട്ടാണ് അവർ ജീവിതത്തെ കൈക്കൊണ്ടത്.

എന്തെങ്കിലും പ്രശ്നങ്ങളുണ്ടാവുമ്പോൾ പക്ഷികളുടെയും മൃഗങ്ങളുടെയും നഖങ്ങൾ വെച്ച് ശകുനം നോക്കുകയോ,



ഒരു കാര്യത്തിലും അവർ വെപ്രാളപ്പെടുകയോ ചെയ്തിരുന്നില്ല. തങ്ങൾക്ക് വിധിക്കപ്പെട്ടതെന്തോ അത് മാത്രമേ സംഭവിക്കുകയുള്ളുവെന്നും, തങ്ങളിൽ ഓരോരുത്തർക്കും അല്ലാഹു കണക്കാക്കിയതെന്തോ അതല്ലാതെ സംഭവിക്കുകയില്ലെന്നും അവർ വിശ്വസിക്കുന്നു. ഈ പറഞ്ഞതിനർത്ഥം അവർ അന്യോന്യം ഭരമേൽപ്പിച്ചിരുന്നു എന്നല്ല. അതല്ലെങ്കിൽ വിപത്തുകളുണ്ടാവുമ്പോൾ അതിനുമുമ്പിൽ കൈയുംകെട്ടി നിന്നിരുന്നുവെന്നല്ല. ഞാൻ ഉദ്ദേശിക്കുന്നതെന്തെന്ന് നിങ്ങൾക്ക് ഒരു ഉദാഹരണസഹിതം പറഞ്ഞുതരാം.

## الثبات في المحن

## പരീക്ഷണങ്ങളിലെ സ്ഥൈര്യം

അദ്ദേഹം തുടർന്ന് പറയുന്നു: 'ഒരു ദിവസം ശക്തമായൊരു കൊടുങ്കാറ്റടിച്ചുവീശി. മരുഭൂമിയിലെ മണൽത്തരികളെ അത് കോരിയെടുത്തു കൊണ്ടുപോയി. കൊടുങ്കാറ്റിന്റെ ശക്തിയാൽ മധ്യധരണ്യാഴി മറുകരയിലേക്കാഞ്ഞടിച്ചു. ഫ്രാൻസിലെ റൗൻ താഴ്വരയെ അത് ഇളക്കി മറിച്ചു. അതാവട്ടെ ശക്തമായ ചൂടുള്ള ഒരു തീക്കാറ്റുകൂടിയായിരുന്നു. ചൂടിന്റെ കാഠിന്യം കാരണത്താൽ എന്റെ തലയിലെ രോമങ്ങൾ അതിന്റെ മുരട്ടിൽ നിന്നും പറിഞ്ഞുപോവുമോ എന്നെനിക്ക് തോന്നി. അത്യുഷ്ണത്താൽ ഭ്രാന്ത് പിടിക്കുന്ന പോലെ എനിക്ക് അനുഭവപ്പെട്ടു. എന്നാൽ ആ അറബികൾ ഒട്ടും ആവലാതിപ്പെട്ടില്ല. തങ്ങളുടെ ചുമലുകൾ കുലുക്കിക്കൊണ്ട് തങ്ങളുടെ പതിവുപല്ലവി അവർ ആവർത്തിച്ചു: 'നിർണ്ണയിക്കപ്പെട്ട ദൈവ നിശ്ചയം'.

മാത്രവുമല്ല, തീക്കാറ്റ് അവരെ കൂടുതൽ ഉന്മേഷ വാന്മാരായി പ്രവർത്തിക്കാൻ പ്രേരിതമാക്കിയത് പോലെ കാണപ്പെട്ടു. അങ്ങനെ, തീക്കാറ്റ് ചെറിയ ആട്ടിൻകുഞ്ഞുങ്ങളുടെ ജീവൻ അപഹരിക്കും മുമ്പ് അവയെ അവർ അറുത്തു. ശേഷം ആട്ടിൻ പറ്റങ്ങളെ തെക്കുഭാഗത്തുള്ള ജലാശയത്തിനുനേരെ തെളിച്ചുകൊണ്ട് പോയി. ഇതെല്ലാം തന്നെ തികഞ്ഞ ശാന്തതയോടെയും സാവകാശത്തോടെയും ആരോടും ആവലാതിപ്പെടാതെയുമാണ് അവർ ചെയ്തത്. അന്നേരം ഗോത്രത്തലവൻ പറഞ്ഞു: 'നമുക്ക് കൂടുതലൊന്നും നഷ്ടമായിട്ടില്ല. എല്ലാം നഷ്ടപ്പെടേണ്ടതായിരുന്നു, അല്ലാഹുവിന്ന് സർവ്വ സ്തുതിയും കൃതജ്ഞതയും. നമ്മുടെ ആടുകളിൽ 40 ശതമാനവും നമുക്ക് അവശേഷിച്ചിട്ടുണ്ട്, ഇവയെക്കൊണ്ട് നമുക്ക് വീണ്ടും പുതിയ ജീവിതമാർഗ്ഗം കണ്ടെത്താം'. *

## يبكي من السعادة

## സൗഭാഗ്യത്താൽ കരയുന്നു

അമേരിക്കയിൽ, ധാരാളം ബിസിനസ്സുകളുള്ള ഒരു കമ്പനി ഗ്രൂപ്പിന്റെ ഉടമസ്ഥനും ധനാഢ്യനുമായ ഒരാളുണ്ടായിരുന്നു. ഇയാളുടെ സ്ഥാപനങ്ങളിലൊന്നിൽ ഒരു മുസ്‌ലിം യുവാവ് ജോലി ചെയ്തിരുന്നു. കമ്പനിയുടമ ഈ മുസ്‌ലിം യുവാവിന്റെ അടുക്കൽ ചെല്ലുമ്പോഴെല്ലാം അദ്ദേഹം പുഞ്ചിരിക്കുന്ന മുഖവുമായി അയാളെ അഭിമുഖീകരിക്കും. ആത്മസംതൃപ്തി

* ( الإ ان وا ياة )



യുടെ ലക്ഷണങ്ങൾ അയാളുടെ മുഖത്ത് പ്രകടമാണ്. കമ്പനിയുടമയാവട്ടെ എപ്പോഴും ദുഃഖിതനും അസ്വസ്ഥനുമാണ്. അങ്ങനെയിരിക്കെ, ഇദ്ദേഹത്തിന്റെ മുഖത്തുകാണുന്ന സന്തോഷത്തിനും സൗഭാഗ്യത്തിൽ നിന്നും ഉൽഭവിക്കുന്ന പുഞ്ചിരിക്കും കാരണമെന്താണെന്ന് കമ്പനിയുടമ അദ്ദേഹത്തോട് തിരക്കി. അപ്പോൾ അദ്ദേഹം പറഞ്ഞു: 'അതിന് കാരണം ഞാനൊരു മുസ്‌ലിമാണെന്നതാണ്. അപ്പോളയാൾ ചോദിച്ചു: 'ഞാനും ഇസ്‌ലാം സ്വീകരിച്ചാൽ താങ്കൾക്കനുഭവപ്പെടുന്ന ഈ സൗഭാഗ്യം എനിക്കും ലഭിക്കുമോ'? അദ്ദേഹം പറഞ്ഞു: 'തീർച്ചയായും'.

അങ്ങനെ മുസ്‌ലിം യുവാവ് അയാളെ ഒരു ഇസ്‌ലാമിക കേന്ദ്രത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ വെച്ചയാൾ സത്യസാക്ഷ്യം സ്വീകരിച്ചു. പൊടുന്നനവെ ഒരു സ്ഫോടനമായി അയാളിൽ നിന്നും കരച്ചിലുയർന്നു. തന്റെ കരച്ചിലിന്റെ കാരണമെന്തെന്നവർ അന്വേഷിച്ചപ്പോൾ അയാൾ പറഞ്ഞു: 'എന്റെ ആയുസ്സിലിടക്ക് ആദ്യമായി സൗഭാഗ്യത്തിന്റെ രുചിയെന്തെന്ന് എനിക്ക് അനുഭവിക്കാൻ സാധിച്ചു". അല്ലാഹു പറയുന്നു:

﴿ أَفَمَن شَرَحَ ٱللَّهُ صَدْرَهُۥ لِلْإِسْلَٰمِ فَهُوَ عَلَىٰ نُورٍ مِّن رَّبِّهِۦ فَوَيْلٌ لِّلْقَٰسِيَةِ قُلُوبُهُم مِّن ذِكْرِ ٱللَّهِ أُو۟لَٰٓئِكَ فِى ضَلَٰلٍ مُّبِينٍ ﴾ (الزمر: ٢٢)

'അപ്പോൾ ഏതൊരാളുടെ ഹൃദയത്തിന് ഇസ്‌ലാം സ്വീകരിക്കാൻ അല്ലാഹു വിശാലത നൽകുകയും, അങ്ങനെ അവൻ തന്റെ രക്ഷിതാവിങ്കൽ നിന്നുള്ള പ്രകാശത്തിലായിരിക്കുക

യും ചെയ്തുവോ (അവൻ ഹൃദയം കടുത്തുപോയവനെപ്പോലെയാണോ?) എന്നാൽ അല്ലാഹുവിന്റെ സ്മരണയിൽ നിന്ന കന്ന് ഹൃദയങ്ങൾ കടുത്തുപോയവർക്കാകുന്നു നാശം. അത്തരക്കാർ വ്യക്തമായ ദുർമാർഗ്ഗത്തിലത്രെ' (സുമർ: 22). *

## عنوان السعادة

## സൗഭാഗ്യത്തിന്റെ ലക്ഷണം

ഇമാം ഇബ്നുൽ ഖയ്യിം (റ) പറയുന്നു: 'ഒരു അടിമയുടെ സൗഭാഗ്യത്തിന്റെ ലക്ഷണങ്ങൾ മൂന്ന് കാര്യങ്ങളാണ്, അവ: 'തനിക്ക് അനുഗ്രഹമുണ്ടായാൽ അതിന് നന്ദി കാണിക്കും, പരീക്ഷിക്കപ്പെട്ടാൽ ക്ഷമിക്കും, തെറ്റ് ചെയ്താൽ പശ്ചാത്തപിക്കും' (ഈ മൂന്ന് ലക്ഷണങ്ങൾ ഒരാളിൽ കാണപ്പെട്ടാൽ അയാൾ സൗഭാഗ്യവാനാണെന്നർത്ഥം).

അദ്ദേഹം തുടർന്ന് പറയുന്നു: 'തീർച്ചയായും ഈ മൂന്ന് കാര്യങ്ങൾ ഒരു അടിമയുടെ സൗഭാഗ്യത്തിന്റെ ലക്ഷണങ്ങളാണ്. ഇഹലോകത്തും പരലോകത്തും അയാൾ വിജയിക്കുമെന്നതിന്റെ അടയാളങ്ങളുമാണ്. ആ സൗഭാഗ്യം ഒരിക്കലും ആ അടിമയിൽ നിന്നും വേർപ്പെട്ടുപോവുകയില്ല'.

***********

* ( طريق السعادة )



## الشكر على النعماء

## അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കൽ

സദാസമയവും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നവരാണ് അവന്റെ ദാസന്മാർ. അതോടൊപ്പം തന്നെ വിശ്വാസികൾ മാത്രമേ ഈ അനുഗ്രഹങ്ങളെ അനുഭവിച്ചറിയുന്നുള്ളൂ, അതിനാൽത്തന്നെ അവർ മാത്രമേ സൗഭാഗ്യവാന്മാരാകുന്നുള്ളൂ. കാരണം, തങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങളെ അവർ സ്മരിക്കുന്നു, എടുത്ത് പറയുന്നു, അതിന് നന്ദി കാണിക്കുകയും, തനിക്കത് ഉടമയിലാക്കിത്തന്നതിന് അവനെ സ്തുതിക്കുകയും ചെയ്യുന്നു.

നന്ദി കാണിക്കൽ അഞ്ച് അടിസ്ഥാനങ്ങളിലാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്:

* 1) നന്ദി കാണിക്കുന്നവന്ന്, കാണിക്കപ്പെടുന്നവനോടുള്ള വിനയം.
* 2) അവനോടുള്ള സ്നേഹം.
* 3) അവന്റെ അനുഗ്രഹങ്ങളെ അറിഞ്ഞ് അംഗീകരിക്കൽ.
* 4) അവയുടെ പേരിൽ അവനെ സ്തുതിക്കൽ.
* 5) അനുഗ്രഹങ്ങളെ നൽകിയവൻ വെറുക്കുന്ന മാർഗ്ഗത്തിൽ അതിനെ വിനിയോഗിക്കാതിരിക്കൽ.

ഈ അഞ്ച് അടിസ്ഥാനങ്ങളെ നിലനിറുത്തിയവൻ ഇരുലോകത്തും സുഭഗനായി. ഈ അഞ്ച് അടിസ്ഥാനങ്ങളിൽ വീഴ്ച വരുത്തിയവൻ ദുർഭഗനുമായി, അതിനുശേഷം അവനൊരിക്കലും സൗഭാഗ്യം ലഭിക്കുകയില്ല.

## الصبر على البلاء

## പരീക്ഷണങ്ങളിൽ ക്ഷമിക്കൽ

നന്ദികാണിക്കപ്പെടേണ്ടുന്ന അനുഗ്രഹങ്ങൾ നമുക്ക് നൽകിയിരിക്കുന്നു എന്നതുപോലെത്തന്നെ, ഇവിടെ ചില വിപത്തുകളിലൂടെ തന്റെ അടിമയെ അല്ലാഹു പരീക്ഷിക്കുകയും ചെയ്യും. ആ പരീക്ഷണങ്ങളിൽ ക്ഷമിക്കുകയും അത് സഹിക്കാൻ തയ്യാറാവുകയും ചെയ്യുക എന്നത് അവന്റെ ബാധ്യതയാണ്.

**ക്ഷമയുടെ പ്രധാന ഭാഗങ്ങൾ:-**

1) അല്ലാഹുവിന്റെ വിധിക്കെതിരെ രോഷം കൊള്ളുന്നതിൽ നിന്ന് മനസ്സിനെ നിയന്ത്രിക്കുക.

2) ആവലാതിപ്പെടുന്നതിൽ നിന്ന് നാവിനെ തടയുക.

3) മുഖത്തടിക്കൽ, വസ്ത്രം വലിച്ച് കീറൽ, മുടി പിടിച്ചു പറിക്കൽ പോലെയുള്ളവയിൽ നിന്ന് അവയവങ്ങളെ നിയന്ത്രിക്കുക.

ക്ഷമയുടെ ഈ മൂന്ന് പ്രധാന ഭാഗങ്ങളും ഉൾക്കൊണ്ട്, തനിക്ക് വല്ല വിപത്തും ബാധിക്കുമ്പോൾ അല്ലാഹുവിന്റെ പൊരുത്തം കാംക്ഷിച്ചുകൊണ്ട് ക്ഷമിച്ചാൽ, യഥാർത്ഥത്തിൽ വിപത്തുകൾ അവന്നുള്ള സമ്പാദ്യവും, പരീക്ഷണങ്ങൾ അവന്ന് ദാനവും, തനിക്ക് വെറുപ്പായിരുന്ന കാര്യങ്ങൾ പ്രിയങ്കരമായും മാറുന്നതാണ്.

***********



## التوبة والإستغفار

## മടക്കവും പൊറുക്കലിനെ തേടലും

അല്ലാഹു ഒരു അടിമക്ക് ഐഹികവും പാരത്രികവുമായ സൗഭാഗ്യവും വിജയവും ഉദ്ദേശിച്ചാൽ, പശ്ചാത്താപത്തിന്റെയും ഖേദത്തിന്റെയും വാതിലുകൾ അല്ലാഹു അവന്നായി തുറന്നു കൊടുക്കും. മനംപൊട്ടി അവൻ അല്ലാഹുവോട് കേഴുകയും അവനോട് താഴ്മയുള്ളവനാവുകയും ചെയ്യും. അല്ലാഹുവോടവൻ ആവശ്യങ്ങൾ നിരത്തുകയും, അവനോട് സഹായം തേടുകയും ആത്മാർത്ഥമായി അവനിലേക്ക് അഭയം തേടുകയും, സദാസമയവും വിനയാന്വിതനും പ്രാർത്ഥനാ നിരതനുമായി അല്ലാഹുവിലേക്കടുക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യും. സാധ്യമാവുന്നത്ര പുണ്യകർമ്മങ്ങൾ ഇതിന്നായി ചെയ്യും. അങ്ങനെ അവനിൽ നിന്നും സംഭവിച്ചുപോയ ആതിന്മ അവന്ന് കരുണയായി മാറുന്നു, എത്രത്തോളമെന്നാൽ, 'ഞാൻ അവനെ പാപത്തിൽ വീഴ്ത്താതെ ഉപേക്ഷിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ' എന്ന് അല്ലാഹുവിന്റെ ശത്രുവായ പിശാച് പോലും പറഞ്ഞുപോവും.

സച്ചരിതരായ മുൻഗാമികളിലൊരാളുടെ ചില വാക്കുകളുടെ ആശയം നോക്കുക: 'മനുഷ്യൻ പാപം ചെയ്യുകയും അത് കാരണമായി സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്തേക്കാം, അവൻ നന്മചെയ്യുകയും അത് കാരണമായി നരകത്തിൽ പ്രവേശിക്കുകയും ചെയ്തേക്കാം'. അവർ ചോദിച്ചു: 'അതെങ്ങനെയാണ്? അദ്ദേഹം പറഞ്ഞു: 'അവൻ ഒരു പാപം ചെയ്തു, അതയാളെ വിഷമിപ്പിച്ചുകൊണ്ടിരുന്നു. അയാളുടെ

കണ്ണുകളെ ഭയചകിതമാക്കിക്കൊണ്ടുമിരുന്നു. വന്ന് പോയ പാപത്തിൽ ഖേദിച്ചും വേദനിച്ചും കരഞ്ഞും ലജ്ജയോടെ തന്റെ രക്ഷിതാവിനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു. ഹൃദയം പൊട്ടി പൊറുക്കുവാൻ അർത്ഥിച്ചു. വിജയത്തിന് നിദാനമായ പുണ്യകർമ്മങ്ങൾ ധാരാളമായി ചെയ്തു. ഇങ്ങനെ ആ പാപം ആ അടിമയുടെ സൗഭാഗ്യത്തിനും വിജയത്തിനും കാരണമായി മാറി.

## آفة العجب والغرور

## അഹങ്കാരവും ചതിയും വരുത്തുന്ന വിന

ഒരാൾ ഒരു നന്മ ചെയ്യുന്നു. ശേഷം താൻ ചെയ്ത ഗുണമായി തന്റെ രക്ഷിതാവിനോട് എപ്പോഴും അത് എടുത്തു പറഞ്ഞുകൊണ്ടിരിക്കുകയും അതുമുഖേന അഹങ്കരിക്കുകയും ചെയ്യുന്നു. തന്നെ സ്വയം വലുതായി കാണുകയും അതിൽ ഗർവ്വ് നടിക്കുകയും ചെയ്യുന്നു. അതിനെ വലിച്ചു നീട്ടി താൻ ചെയ്തതിന്റെ പെരുമ പറഞ്ഞുകൊണ്ടിരിക്കുന്നു. അങ്ങനെ ആ പുണ്യകർമ്മം അവനെ അഹങ്കാരിയും, പൊങ്ങച്ചക്കാരനും, ദുരഭിമാനിയും, അധികപ്രസംഗിയുമാക്കിത്തീർക്കുന്നു. അതവന്റെ നാശത്തിന് കാരണമാവുകയും ചെയ്യുന്നു. ഈ പാവത്തിന് നന്മയാണ് അല്ലാഹു ഉദ്ദേശിച്ചിരുന്നതെങ്കിൽ അവനെ വേദനിപ്പിക്കുന്നതും അവന്റെ പിരടി താഴ്ത്തുന്നതും, അവൻ നിസ്സാരനാണെന്ന് അവന് തന്നെ ബോധ്യപ്പെടുന്നതുമായ വിപത്തുകൾ കൊണ്ടവനെ പരീക്ഷിക്കുമായിരുന്നു. അതല്ല അല്ലാഹു അവന് നാശമാണ് കണക്കാക്കിയതെങ്കിൽ



അവനെ പരീക്ഷണങ്ങളിൽ നിന്നും ഒഴിവാക്കുകയും അവന് സുഖവും സൗകര്യങ്ങളും നൽകി അതുമുഖേന അവനെ അഹങ്കാരിയും ദുരഭിമാനിയുമാക്കിത്തീർക്കുകയും ചെയ്യുമായിരുന്നു. ഇതാണ് അവന്റെ നാശത്തിന് നിമിത്തമാവുന്ന നിന്ദ്യത.

## جولة مع السعداء

## സൗഭാഗ്യവാന്മാരോടൊപ്പം

ഇതൊരു ഹ്രസ്വയാത്രയാണ്. ഈ കറക്കത്തിൽ, യഥാർത്ഥ സൗഭാഗ്യത്തിന്റെ അർത്ഥമുൾക്കൊള്ളുകയും, ഇഹലോകത്ത് വെച്ചുതന്നെ അതിന്റെ മാധുര്യം ആസ്വദിക്കുകയും ചെയ്ത ചില സൗഭാഗ്യവാന്മാരുടെ വാക്കുകളും ചുറ്റുപാടുകളും നമുക്കൊന്ന് പരിചയപ്പെടാം.

രക്ഷിതാവിനെ അനുസരിക്കുകയും, എല്ലാം അവന്ന് മാത്രമാക്കുകയും, ആരാധനകളർപ്പിക്കുകയും ചെയ്യുന്നവരാണവർ. റുകൂഉം സുജൂദും നിർവ്വഹിക്കുകയും, നോമ്പനുഷ്ഠിക്കുകയും, അല്ലാഹുവെ കൂടുതലായി സ്മരിക്കുകയും, നന്മ കൽപ്പിക്കുകയും തിന്മയെ തടയുകയും ചെയ്യുന്നവരാണവർ.

അഥവാ, രക്ഷിതാവിനെ അനുസരിക്കുന്നതിലും, അവന്റെ വിധിയും തീരുമാനവും തൃപ്തിപ്പെടുന്നതിലും, അവന്റെ കൽപ്പനകളും വിലക്കുകളും ശിരസാവഹിക്കുന്നതിലുമാണ് അടിമയുടെ സൗഭാഗ്യം കുടികൊള്ളുന്നത്.

***********

## علاج الهم والحزن

## മനോദുഃഖ വിഷമങ്ങൾക്ക് പ്രതിവിധി

മനുഷ്യനിൽ നിന്നും വിഷമങ്ങളെ നീക്കി അവയെ സന്തോഷമാക്കി മാറ്റുന്നതും, മനോവിഷമങ്ങളെയും ദുഃഖങ്ങളെയും ദൂരീകരിക്കാനുള്ളതുമായ ചികിൽസാമാർഗ്ഗം നബി (സ) പഠിപ്പിച്ചുതന്നിട്ടുണ്ട്. അദ്ദേഹം പറയുന്നു: 'നിങ്ങൾക്കാർക്കെങ്കിലും മനോദുഃഖമോ വിഷമമോ വേദനയോ ഉണ്ടാവുമ്പോൾ

(അല്ലാഹുമ്മ ഇന്നീ അബ്ദുക വ ഇബ്നു അബ്ദിക വ ഇബ്നു അമതിക, നാസ്വിയതീ ബിയദിക, മാദിൻ ഫിയ്യ ഹുക്മുക, അദ്‌ലുൻ ഫിയ്യ ഖദാഉക, അസ്അലുക ബികുല്ലിസ്മിൻ ഹുവ ലക, സമ്മയ്ത്ത ബിഹി നഫ്സക, ഔ അൻസൽതഹു ഫീ കിതാബിക, ഔ അല്ലംതഹു അഹദൻ മിൻ ഖൽഖിക, ഔ ഇസ്തഅ്ഥർത്ത ബിഹി ഫീ ഇൽമിൽ ഗൈബി ഇൻദക, അൻ തജ്അലൽ ഖുർആനൽ അളീമ റബീഅ ഖൽബീ, വ നൂറ സ്വദ്‌രീ, വ ജലാഅ ഹുസ്നീ, വ ദഹാബ ഹമ്മീ)

സാരം: 'അല്ലാഹുവേ ഞാൻ നിന്റെ അടിമയും, ഒരു ദാസന്റെയും ദാസിയുടെയും പുത്രനുമാണ്. എന്റെ കുടുമ (മൂർദ്ദാവ്) നിന്റെ കൈയിലാണ്, എന്നിൽ വരുന്നതെല്ലാം നിന്റെ വിധിയാണ്, എന്നിലുള്ള നിന്റെ തീരുമാനമെല്ലാം നീതിമത്താണ്, നിനക്ക് നീ സ്വയം നൽകിയതോ, അല്ലെങ്കിൽ നീ നിന്റെ ഗ്രന്ഥത്തിൽ അവതരിപ്പിച്ചതോ, അല്ലെങ്കിൽ നിന്റെ സൃഷ്ടികളിൽ ആർക്കെങ്കിലും നീ പഠിപ്പിച്ചതോ, അല്ലെങ്കിൽ നിന്റെ അടുക്കൽ നിന്റെ അദൃശ്യജ്ഞാനത്തിൽ നീ തിരഞ്ഞെടുത്തതോ ആയ നിനക്കുള്ള എല്ലാ നാമങ്ങൾ കൊണ്ടും ഞാൻ



നിന്നോട് ചോദിക്കുന്നു– മഹത്തായ ഖുർആനിനെ എന്റെ ഹൃദയത്തിന്റെ വസന്തവും, എന്റെ മനസ്സിന്റെ പ്രകാശവുമാക്കേണമേ..., എന്റെ ദുഃഖം നീക്കുന്നതും, എന്റെ മനോവിഷമത്തെ പോക്കിക്കളയുന്നതുമാക്കിത്തരേണമേ' എന്ന് ചൊല്ലിയാൽ അദ്ദേഹത്തിന്റെ ദുഃഖവും മനപ്രയാസവും അല്ലാഹു നീക്കിക്കൊടുക്കുകയും, ആ സ്ഥാനത്ത് സന്തോഷമാക്കി മാറ്റുകയും ചെയ്യാതിരിക്കുകയില്ല. (അഹ്മദ്).

## المعاصي سبب الشقاء

## പാപങ്ങൾ ദുഃഖഹേതുക്കൾ

ഇമാം ഇബ്നുൽ ജൗസി പറയുന്നു: 'കണ്ണുള്ളവന് തന്റെ ഉൾക്കാഴ്ചയുള്ള കണ്ണുകൊണ്ട് നോക്കിക്കണ്ടതിനാൽ കാര്യങ്ങളെ അതിന്റെ തുടക്കത്തിൽ തന്നെ അവസാനിപ്പിക്കാൻ സാധ്യമാവും. എന്നാൽ അനന്തര ഫലം മുൻകൂട്ടി കാണാൻ കഴിയാത്തവരെ മനോവിഷമം അതിജയിക്കുന്നു. ഒടുവിലവന്ന് ലഭിക്കുന്നത്, സമാധാനത്തിന് പകരം കുറെ മനോദുഃഖങ്ങൾ മാത്രം. ആശ്വാസത്തിന് പകരം കുറെ അസ്വസ്ഥതകൾ മാത്രം. അല്ലാഹുവിനെ ധിക്കരിക്കുന്നതിലും വഴിവിട്ട് ജീവിക്കുന്നതിലും തന്റെ ആയുഷ്കാലത്തിനിടക്ക് താനും ഒഴിവായിട്ടില്ല എന്ന സത്യം ഭാവിയിൽ, ഭൂതകാലത്തെ സ്മരിക്കുമ്പോഴാണ് അവന് ഓർമ്മ വരുന്നത്.

'കഷ്ടം! എന്റെ പാപത്തിന്റെ പ്രയോജനമെവിടെ? എന്റെ അനുസരണത്തിന്റെ ഫലമെവിടെ'?

ഓർക്കൂ! എല്ലാവരും തന്റെ കൂടെയുള്ളതുമായി യാത്രയാ യാവാനുള്ളവരാണ്. പാപങ്ങളിൽ നിന്നും നീ വിട്ടുനിന്നിരുന്നെങ്കിൽ തീർച്ചയായും നിന്റെ ശിക്ഷ കുറയുമായിരുന്നു.

മരണം, അത് സത്യമാണ്. കർമ്മഫലം അത് യാഥാർത്ഥ്യമാണ്. വീഴ്ച വരുത്തിയതിന്റെ നൊമ്പരവും കൈപ്പും എപ്രകാരമെന്ന് നോക്കൂ. എപ്രകാരമാണത് ആനന്ദത്തിന്റെ മാധുര്യത്തെ അതിജയിക്കുന്നത്? ആനന്ദത്തിന്റെ മാധുര്യം ആട്ടങ്ങയുടെ രുചിയിലേക്ക് മാറിയിരിക്കുന്നു. അതോടെ തുല്യതയില്ലാത്ത വേദനയുടെ കയ്പ് മാത്രമായത് അവശേഷിക്കുന്നു.

അതിനാൽ അനന്തര ഫലങ്ങളെ കരുതിയിരിക്കുക എങ്കിൽ താങ്കൾക്ക് രക്ഷ പ്രാപിക്കാം. ദേഹേച്ഛയെ താങ്കൾ പിൻപറ്റരുത്. എങ്കിൽ നീ ഖേദിക്കേണ്ടിവരും.

## أقوال السعداء

## സൗഭാഗ്യവാന്മാരുടെ മൊഴികൾ

ഹസൻ ബസ്വരി (റ) പറയുന്നു: 'മൂന്ന് കാര്യങ്ങളിൽ നിങ്ങൾ ആനന്ദം തേടുക. നമസ്കാരത്തിൽ, ദൈവ സ്മരണയിൽ, ഖുർആൻ പാരായണത്തിൽ... അത് നിങ്ങൾ കണ്ടെത്തിയാൽ (നിങ്ങൾ സുഭഗരായി). ഇല്ലെങ്കിൽ നിങ്ങൾ അറിയുക, വാതിൽ അടഞ്ഞുകിടക്കുകയാണ്'.

***********



## اللذة الحقيقية

## യഥാർത്ഥ അനുഭൂതി

മാലിക്ബ്നു ദീനാർ (റ) പറഞ്ഞു: 'ആനന്ദം തേടുന്ന ഒരാൾക്കും അല്ലാഹുവെക്കുറിച്ചുള്ള സ്മരണ പോലെ മറ്റൊന്നും ആശ്വാസം നൽകിയിട്ടില്ല.

മറ്റൊരാളുടെ വാക്കുകൾ നോക്കൂ...'വിനോദിക്കുന്നവർക്ക് അതിലൂടെ ലഭിക്കുന്നതിനെക്കാൾ ആനന്ദമാണ് രാത്രി ആരാധനകളിലൂടെ അതിന്റെ ആളുകൾക്ക് ലഭിക്കുന്നത്. രാത്രിയില്ലായിരുന്നെങ്കിൽ ഈ ഐഹിക ലോകത്ത് അവശേഷിക്കാൻ തന്നെ ഞാൻ ഇഷ്ടപ്പെടുമായിരുന്നില്ല'.

മറ്റൊരാൾ പറയുന്നു: 'ഒരു വർഷം രാത്രി നമസ്കാരത്തെ ഞാൻ പതിവായി നിർവ്വഹിച്ചു, അത് കൊണ്ട് 20 വർഷത്തെ (നമസ്കാരത്തിന്റെ) ആനന്ദം ഞാൻ അനുഭവിക്കുകയും ചെയ്തു'.

മറ്റൊരാൾ പറയുന്നു: '40 വർഷങ്ങളായി പ്രഭാദോതയമാണ് എന്നെ ശല്യപ്പെടുത്തുന്നത്' (രാത്രി മുഴുവൻ ആരാധനകളിൽ മുഴുകിക്കഴിയുമ്പോൾ പ്രഭാതോദയം അതിന് വിഘാതവും ശല്യവുമായി മാറുന്നുവെന്നർത്ഥം).

ഇബ്റാഹീമുബ്നു അദ്ഹം പറഞ്ഞു: 'ഞങ്ങൾ അനുഭവിക്കുന്ന അനുഗ്രഹവും ആത്മ സംതൃപ്തിയും എന്തെന്ന് രാജാക്കന്മാരും രാജപുത്രന്മാരും മനസ്സിലാക്കിയിരുന്നെങ്കിൽ അതിന്നായി ഞങ്ങളോടവർ വാളുകൊണ്ട് പോലും തർക്കിക്കുമായിരുന്നു'.

'എന്നിൽ കഴിഞ്ഞുപോവുന്ന സന്തോഷാവസരങ്ങളിൽ ചിലപ്പോൾ ഞാൻ പറഞ്ഞു പോവാറുണ്ട് 'ഇതുപോലെയുള്ള അനുഭൂതിയിലാണ് സ്വർഗ്ഗ നിവാസികളെങ്കിൽ, തീർച്ചയായും അവർ വളരെ നല്ലൊരു ജീവിതത്തിൽത്തന്നെയാണ്. സൗഭാഗ്യവാന്മാരിൽ മറ്റൊരാളുടെ മൊഴികളാണിത്.

## جنة الدنيا

## ഇഹലോകത്തെ സ്വർഗ്ഗം

ഇമാം ഇബ്നുൽഖയ്യിം (റ) ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയിൽ നിന്നും ഉദ്ദരിക്കുന്നു, അദ്ദേഹം പറയാറുണ്ടായിരുന്നു: 'ഇഹലോകത്ത് ഒരു സ്വർഗ്ഗമുണ്ട്, അതിൽ പ്രവേശിക്കാത്തവർക്ക് പരലോകത്തെ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല'.

അദ്ദേഹം ഒരിക്കൽ എന്നോട് പറഞ്ഞു: 'എന്റെ ശത്രുക്കൾ എന്നെ എന്തുചെയ്യാനാണ്? എന്റെ സ്വർഗ്ഗവും എന്റെ തോട്ടവും എന്റെ ഹൃദയത്തിലാണ്..ഞാൻ പോയാൽ അതും എന്റെ കൂടെയുണ്ടായിരിക്കും, അതെന്നെ വിട്ടുപിരിയുകയില്ല.. എന്നെ തടഞ്ഞുവെക്കൽ എനിക്ക് സ്വസ്ഥമായി ആരാധനകൾ നിർവ്വഹിക്കാൻ സൗകര്യമൊരുക്കുന്ന) ഏകാന്തതയാണ്. എന്നെ കൊലപ്പെടുത്തൽ രക്തസാക്ഷിത്വമാണ്...എന്നെ നാടു കടത്തൽ എനിക്ക് വിനോദയാത്രയാണ്".

തന്നെ തടഞ്ഞുവെച്ച കോട്ടയിൽ വെച്ച് അദ്ദേഹം പറയാറുണ്ടായിരുന്നു: 'ഈ കോട്ട നിറയെ സ്വർണ്ണം ഞാൻ നൽകിയാൽപ്പോലും ഇവർ കാരണമായി എനിക്ക് ലഭിച്ച നന്മക്ക്



പ്രതിഫലമാവുകയില്ല' (അദ്ദേഹത്തെ തടവിലാക്കിയത് കാരണമായി ആരാധനകൾ അധികരിപ്പിക്കാൻ ഇടയായതിനെയാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്).

ഒരിക്കൽ അദ്ദേഹം എന്നോട് പറഞ്ഞു: 'തന്റെ രക്ഷിതാവിലേക്ക് ഹൃദയം തടയപ്പെട്ടവനാണ് യഥാർത്ഥത്തിൽ ബന്ധിതൻ. തന്റെ ദേഹേച്ഛ ഏതൊരുത്തനെ ബന്ദിയാക്കിയോ അവനാണ് യഥാർത്ഥ തടവുകാരൻ.

താൻ തടവിലാക്കപ്പെട്ട കോട്ടയുടെ മതിലുകൾക്കുള്ളിൽ അദ്ദേഹത്തെ പ്രവേശിപ്പിച്ചപ്പോൾ അവയിലേക്ക് നോക്കിക്കൊണ്ട് അദ്ദേഹം പാരായണം ചെയ്തു:

( فَضُرِبَ بَيْنَهُم بِسُورٍ لَّهُ بَابٌ بَاطِنُهُ فِيهِ الرَّحْمَةُ وَظَاهِرُهُ مِن قِبَلِهِ الْعَذَابُ )

'അപ്പോൾ അവർക്കിടയിൽ ഒരു മതിൽ കൊണ്ട് മറയുണ്ടാക്കപ്പെടുന്നതാണ്. അതിന് ഒരു വാതിലുണ്ടായിരിക്കും. അതിന്റെ ഉൾഭാഗത്താണ് കാരുണ്യമുള്ളത്. അതിന്റെ പുറഭാഗത്താകട്ടെ ശിക്ഷയും' (ഹദീദ്: 13).

## إضاءة نبوية

## പ്രവാചകത്വ പ്രകാശം

നബി (സ) പറഞ്ഞതായി അനസ്ബ്നു മാലിക് (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു:

'പരലോകം തന്റെ വ്യഥയാവുന്ന ആളുടെ മനസ്സിൽ അല്ലാഹു ഐശ്വര്യം നിറക്കും, അവനിൽ നിന്നും വിട്ടുപിരിഞ്ഞതെല്ലാം അല്ലാഹു ഒരുമിച്ചുകൂട്ടിക്കൊടുക്കും, ഇഹലോകം അവന്ന് നിസ്സാരമായിത്തീരും, എന്നാൽ ഐഹികം വ്യഥയായുള്ള

വന്റെ കൺമുമ്പിൽത്തന്നെ അല്ലാഹു അവന്റെ ദാരിദ്ര്യം ഏർപ്പെടുത്തും, അവനിൽ നിന്നും വിട്ടുപിരിഞ്ഞതെല്ലാം അല്ലാഹു അവനെത്തൊട്ട് കൂടുതൽ വേർപ്പെടുത്തും, ഐഹിക ലോകത്താണെങ്കിലോ അല്ലാഹു അവന്ന് കണക്കാക്കിയതെന്തോ അതല്ലാതെ മറ്റൊന്നും ലഭിക്കുകയുമില്ല' (തുർമുദി). നബി (സ) പറഞ്ഞു:

'നിർഭയമായ മനസ്സോടെയും, ആരോഗ്യമുള്ള ശരീരത്തോടെയും, ഒരു ദിവസത്തേക്കുള്ള ആഹാരം തന്റെ പക്കൽ ഉണ്ടായിക്കൊണ്ടും ആരെങ്കിലും പ്രഭാതം പുൽകിയാൽ, ഇഹലോകം മുഴുവൻ അധീനപ്പെടുത്തിയവനെപ്പോലെയാണവൻ' (ബുഖാരി). നബി (സ) പറയുന്നു:

**( أنظروا إ من هو أسفل منكم ، ولا تنظروا إ من هو فوقكم ، فإنه أجدر أن لا تزدروا نعمة ا عليكم ) ( مسلم )**

'നിങ്ങൾ നിങ്ങളെക്കാൾ താഴെയുള്ളവരിലേക്ക് നോക്കുക, നിങ്ങളെക്കാൾ മീതെയുള്ളവരിലേക്ക് നോക്കരുത്, തീർച്ചയായും, നിങ്ങൾക്ക് അല്ലാഹു ചെയ്തുതന്ന അനുഗ്രഹങ്ങളെ നിങ്ങൾ നിസ്സാരമായിക്കാണാതിരിക്കാൻ അതാണേറ്റവും ഉത്തമം' (മുസ്ലിം).

അതിനാൽ എന്റെ പ്രിയ സഹോദരാ,

➢ സൗഭാഗ്യം സംതൃപ്തിയിലാണ്...

➢ സൗഭാഗ്യം ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നതിലാണ് ...

➢ സൗഭാഗ്യം ലോകരക്ഷിതാവിന്ന് കീഴ്വണക്കം കാണിക്കുന്നതിലാണ്, അവന്നല്ലാത്തവർക്കുള്ള ആരാധന വെടിയുന്നതിലാണ്.



# طريق السعادة

# സൗഭാഗ്യത്തിന്റെ മാർഗ്ഗം

സൗഭാഗ്യത്തിന്ന് ഒരേയൊരുമാർഗ്ഗമേയുള്ളൂ. എന്നാൽ ദൗർഭാഗ്യത്തിന്റെ മാർഗ്ഗങ്ങൾ വ്യത്യസ്തമാണ്. ഈ സൗഭാഗ്യ പാതയിലേക്ക് എത്തിക്കുന്നതെന്താണന്ന് ചിന്തിക്കുകയും അതിൽ പ്രവേശിക്കുകയും ചെയ്യുന്നവനാണ് ബുദ്ധിമാൻ. എത്രയെത്ര സൗഭാഗ്യകാംക്ഷികളാണ് വഴി തെറ്റിപ്പോയത്, ദുർമ്മാർഗ്ഗത്തിന്റെയും ദേഹേച്ഛയുടെയും മാർഗ്ഗങ്ങൾ അവരെ വശീകരിച്ചെടുത്തു, അങ്ങനെ അവർ നാശമടഞ്ഞു.

ഇമാം ഇബ്നുൽ ഖയ്യിം (റ) പറയുന്നു: 'അറിവിലും, അത് പ്രാവർത്തികമാക്കുന്നതിലും, ഉദ്ദേശത്തിലും, തീരുമാനത്തിലും പരിഗണിക്കേണ്ടതായ ഒരു കാര്യം: ഓരോ മനുഷ്യനും– എന്നല്ല ഓരോ ജീവിയും തനിക്ക് ആനന്ദവും അനുഗ്രഹവും നല്ല ഒരു ജീവിതവും ലഭിക്കുന്നതിനാണ് പ്രയത്നിച്ചു കൊണ്ടിരിക്കുന്നത്. ഇതാണ് ശരിയായ ലക്ഷ്യവും. ഇതിൽ ആറ് കാര്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു, അവ:

✓ ഒന്ന്: തനിക്ക് ആനന്ദവും സന്തോഷവും നല്ലൊരു ജീവിതവും പ്രദാനം ചെയ്യുന്ന ഒരു മാർഗ്ഗത്തെ അറിയൽ.

✓ രണ്ട്: അതിലേക്ക് എത്തിച്ചേരുന്ന വഴിയെ അറിയൽ.

✓ മൂന്ന്: ആ മാർഗ്ഗത്തിൽ പ്രവേശിക്കൽ.

✓ നാല്: തന്റെ ജീവിതം നശിപ്പിക്കുന്നതും, നന്മയിൽ നിന്ന് അകറ്റിക്കളയുന്നതുമായ കാര്യങ്ങളെ അറിയൽ.

✓ അഞ്ച്: പ്രവേശിച്ചാൽ തന്നെയും കൊണ്ട് ഒഴുകുന്ന തിന്മയുടെ മാർഗ്ഗത്തെ അറിയൽ.

✓ ആറ്: അതിൽ പ്രവേശിക്കാതിരിക്കൽ.

ഇതാണ് ഒരു അടിമക്ക് ആനന്ദവും സമാധാനവും സന്തോഷവും ലഭിക്കുവാനും, തന്റെ അവസ്ഥ നന്നാക്കുവാനും നിർബന്ധമായും പൂർത്തിയാക്കേണ്ട ഘടകങ്ങൾ. അതിലവൻ കുറവ് വരുത്തിയാൽ അവന്റെ അവസ്ഥ മോശമാവുകയും അവന്റെ ജീവിതം വേദനാജനകമായിരിക്കുകയും ചെയ്യും.

## اللذة التامة

## പൂർണ്ണമായ ആനന്ദം

അതിനാൽത്തന്നെ, പൂർണ്ണമായ ആനന്ദവും സന്തോഷവും ആത്മസംതൃപ്തിയും അനുഗ്രഹപൂർണ്ണമായ നല്ലൊരു ജീവിതവും ലഭ്യമാവുന്നതിന്ന് അല്ലാഹുവിനെ അറിയുക, അവനെ മാത്രം ആരാധിക്കുക, അവനുമായി ഇണങ്ങിച്ചേരുക, അവനെക്കൊള്ളെ മുന്നിടുക, ഹൃദയവും ദുഃഖങ്ങളും അവന്റെ മുമ്പിൽ തുറന്നുവെക്കുക എന്നത് മാത്രമാണ് പരിഹാരമാർഗ്ഗം. എന്നാൽ ജീവിതത്തെ പരുഷമാക്കിയാൽ ഹൃദയം പൊട്ടിയും ദുഃഖങ്ങൾ പേറിയും അവൻ ജീവിക്കേണ്ടിവരും. അപ്പോൾ അവന്റെ ഹൃദയത്തിന് സ്വസ്ഥമായി വസിക്കാനുള്ള ഒരു സ്ഥിരവാസകേന്ദ്രമോ, തനിക്ക് അഭയം തേടാനും സമാധാനമടയുവാനും ഒരു സ്നേഹിതനെയോ കണ്ടെത്താൻ സാധിക്കുകയില്ല.

**********



## السعادة بالله

## സൗഭാഗ്യം അല്ലാഹുവിലൂടെ

ധന്യവും ഗുണകരവുമായൊരു ജീവിതവും, ശാന്തതയും, സ്വസ്ഥതയും, കൺകുളിർമ്മയും, ആദ്യ സ്നേഹിതനിലൂടെ മാത്രമേ ലഭ്യമാവൂ. നിന്റെ ഹൃദയത്തെ നീ മുഴുവൻ സ്നേഹിതരിലുമായി വിഭജിക്കുകയാണെങ്കിൽ അത് ശാന്തമാവുകയില്ല, സമാധാനമടയുകയില്ല, ഒരു കവി പാടിയതുപോലെ:

(ദേഹേച്ഛയിൽ നിന്നും നിന്റെ മനസ്സിനെ ആദ്യ സ്നേഹിതനി(അല്ലാഹുവി)ലേക്ക് തിരിച്ചുവിടുക എന്നത് മാത്രമാണ് യഥാർത്ഥ സ്നേഹം. യുവാവിനെയും അവന്റെ സ്നേഹിതനേയും ഇണക്കുന്ന എത്രയെത്ര ഭവനങ്ങളുണ്ട് (പള്ളികൾ) ഭൂമിയിൽ. എന്നാൽ അവന്റെ ശാശ്വത സംതൃപ്തി ലഭ്യമാവുന്നത് ആദ്യ ഭവനത്തിൽ (കഅ്ബയിൽ) തന്നെയാണ്).

## نصيحة وبشرى

## ഉപദേശവും സുവിശേഷവും

അതിനാൽ, നിനക്ക് ഏറ്റവും പ്രിയപ്പെട്ടവൻ ഏകനായ അല്ലാഹുവായിരിക്കുക എന്നതുമാത്രമാണ് നിന്നെ സ്വസ്ഥനാക്കുന്ന ഒരേയൊരു കാര്യം. ഇതാണ് ദൈവദാസന്റെ സൗഭാഗ്യത്തിന്റെ ലക്ഷ്യം. ഈ അവസ്ഥയിലെത്തിയ വ്യക്തി പരലോക സ്വർഗ്ഗത്തിന് മുമ്പ് ഐഹിക സ്വർഗ്ഗത്തിലായിരിക്കും. സ്വർഗ്ഗക്കാരുടെ അനുഗ്രഹങ്ങളോട് സദൃശമായ താൽക്കാലിക സുഖാനുഗ്രഹങ്ങളിലുമായിരിക്കും.

പരലോകത്തെ സ്വർഗ്ഗത്തോട് കിടയൊക്കുന്ന മറ്റൊരു അനുഗ്രഹവും ഈ ലോകത്ത് ഇതല്ലാതെ മറ്റൊന്നില്ലതന്നെ. അതാണ് നബി (സ)യുടെ വാക്കുകൾ പഠിപ്പിക്കുന്നത്, അദ്ദേഹം പറഞ്ഞു:

**( حبب إ ّ من دنياكم النساء والطيب ، وجعلت قرة عي الصلاة )**

'നിങ്ങളുടെ ഈ ഐഹിക ലോകത്ത് സ്ത്രീയും സുഗന്ധവും എനിക്ക് പ്രിയങ്കരമാക്കപ്പെട്ടിരിക്കുന്നു, എനിക്ക് കൺകുളിർമ നൽകപ്പെട്ടിരിക്കുന്നത് നമസ്കാരത്തിലുമാണ്' (അഹ്മദ്, നസാഇ).

സ്നേഹത്തെക്കാളും ഉയർന്നതാണ് കൺകുളിർമ്മയുടെ സ്ഥാനം, താൻ തനിക്ക് വേണ്ടി ഇഷ്ടപ്പെടുന്ന ഏറ്റവും ഉന്നതനായ സ്നേഹപാത്രത്തിലൂടെ മാത്രമേ കൺകുളിർമ്മ ലഭിക്കുകയുള്ളു. അത് ഏക ആരാധ്യനായ അല്ലാഹു മാത്രമാണ്. അവന്ന് പുറമെയുള്ളവരെല്ലാം തന്നെ അവനോടുള്ള സ്നേഹത്തിന്റെ തുടർച്ച മാത്രമാണ്. അപ്പോൾ അവരെയെല്ലാം സ്നേഹിക്കുന്നത് അവന്ന് വേണ്ടിയാണ്, അതല്ലാതെ അവർ അവന്റെ കൂടെ സ്നേഹിക്കപ്പെടേണ്ടവരല്ല. കാരണം അവനോടൊപ്പം മറ്റുള്ളവരെ സ്നേഹിക്കൽ ശിർക്ക്-അഥവാ ബഹുദൈവാരാധനയാണ്. അതേ സമയം അവന്നുവേണ്ടിയുള്ള സ്നേഹമാവട്ടെ തൗഹീദുമാണ് (ഇബ്നുൽ ഖയ്യിം (റ) ഒരു സഹോദരന് അയച്ച എഴുത്തിൽ നിന്ന്).

*********



## السعادة بالعلم

## സൗഭാഗ്യം അറിവിലൂടെ

ആത്മീയ സൗഭാഗ്യങ്ങളെ ഇമാം ഇബ്നുൽ ഖയ്യിം (റ) മൂന്ന് വിഭാഗമായി തിരിച്ചിരിക്കുന്നു, അവ:

1) ബാഹ്യമായി മനുഷ്യൻ അനുഭവിക്കുന്ന സൗഭാഗ്യം: സമ്പത്തിലും ജീവിതസൗകര്യങ്ങളിലുമുള്ള സൗഭാഗ്യമാണിതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. ഇങ്ങനെ എല്ലാവരാലും പരിഗണിക്കപ്പെടുന്നവനും കണ്ണുകൾ ഇടങ്കണ്ണിട്ടു നോക്കപ്പെടുന്നവനുമായ സൗഭാഗ്യവാനായിരിക്കെ ഒരു നാളിലതാ അവൻ മനുഷ്യരിൽ ഏറ്റവും നിന്ദ്യനും നിസ്സാരനുമായി മാറുന്നു. അതിനാൽത്തന്നെ അയാൾക്ക് കരസ്ഥമായിരുന്ന ആ സാമ്പത്തിക സൗഭാഗ്യം ഒന്നുകിൽ സാങ്കൽപ്പികമായ ആനന്ദമോ അല്ലെങ്കിൽ മൃഗീയമായ ആനന്ദമോ ആയിരിക്കും. മുതലാളി തന്റെ മുതൽ ഒരുമിച്ചുകൂട്ടുന്നതിലും അത് കരസ്ഥമാക്കുന്നതിലുമാണ് ആനന്ദം കണ്ടെത്തുന്നതെങ്കിൽ അത് കേവലം ഭാവനയിലുള്ള ആനന്ദം മാത്രമാണ്. ആ സമ്പത്ത് തന്റെ വികാരപൂർത്തീകരണത്തിനാണ് ചിലവഴിച്ചതെങ്കിൽ ആ ആനന്ദം മൃഗീയവുമാണ്. അതുപോലെത്തന്നെ സമ്പത്തുകൊണ്ട് ലഭ്യമാവുന്ന സംതൃപ്തി കേവലമായ ഒരവസ്ഥയാണ്. അതുമൂലം ചിലപ്പോൾ ആനന്ദം ലഭിക്കാം, എല്ലാം നഷ്ടപ്പെട്ടെന്നും വരാം.

2) തന്റെ ആരോഗ്യം, ബുദ്ധി എന്നിവക്കൊന്നും തകരാറില്ലാതിരിക്കൽ, തന്റ അവയവങ്ങൾക്ക് കേടുപാടുകളൊന്നും ഇല്ലാതിരിക്കൽ, തന്റെ നിറത്തിന്റെ തെളിമ, അവയവങ്ങളുടെ ആരോഗ്യം പോലെയുള്ള ശാരീരിക സൗഭാഗ്യം. യഥാർത്ഥത്തിൽ

മനുഷ്യൻ മനുഷ്യനാകുന്നത് അവന്റെ ആത്മാവുകൊണ്ടും അവന്റെ ഹൃദയം കൊണ്ടുമാണ്. അവന്റെ ശരീരം കൊണ്ടും ബാഹ്യാവയവങ്ങൾ കൊണ്ടുമല്ല. കവി പാടിയതുപോലെ:

يا خادم الجسم كم تشقى بخدمته

فأنت بالروح لا بالجسم إنسان

(ശരീരത്തിന്ന് സേവനം ചെയ്യുന്ന മനുഷ്യാ, അതിനെ സേവിച്ചു കൊണ്ട് നീയെത്രമാത്രം ദുർഭഗനായി. യഥാർത്ഥത്തിൽ നിന്റെ ആത്മാവ് കൊണ്ടാണ്, ശരീരം കൊണ്ടല്ല നീ മനുഷ്യനാകുന്നത്).

അപ്പോൾ ആരോഗ്യം, ഭംഗി, മറ്റുഗുണങ്ങൾ പോലെയുള്ളവ കൊണ്ടുള്ള സൗഭാഗ്യം സത്തയിൽ നിന്നും യാഥാർത്ഥ്യത്തിൽ നിന്നും പുറത്തുള്ള ഐശ്വര്യമാണ്.

3) ആത്മീയവും മാനസികവും ഹൃദയത്തിലുള്ളതുമായ സൗഭാഗ്യം. ഇതാണ് യഥാർത്ഥ ഭാഗ്യം. ഉപകാരപ്രദമായ ജ്ഞാനത്തിന്റെയും അതിന്റെ കർമ്മ ഫലങ്ങളുടെയും സൗഭാഗ്യം, ഏത് അവസ്ഥകൾ മാറി വന്നാലും, ഐഹിക ജീവിതം, ഖബ്ർ ജീവിതം, സ്ഥായിയായ പാരത്രിക ജീവിതം എന്നീ മൂന്ന് ഭവനങ്ങളിലും ഇതിനിടയിലെ മുഴുവൻ യാത്രകളിലും അവന്റെ സഹയാത്രികനാവുന്നതും, എന്നെന്നും അവശേഷിക്കുന്നതും അത് മാത്രമാണ്. അത് കൊണ്ട് തന്നെയാണ് ശ്രേഷ്ഠതയുടെയും പരിപൂർണ്ണതയുടെയും പദവികൾ ഉയരുന്നതും.

*********



## جهل الخلق

## സൃഷ്ടികളുടെ അജ്ഞത

നേരത്തെ പറഞ്ഞതാണ് യഥാർത്ഥ സൗഭാഗ്യത്തിന്റെ ഫലമെങ്കിൽപ്പിന്നെ എന്തുകൊണ്ടാണ് അധികം ആളുകളും സത്യത്തിൽ നിന്നും തിരിഞ്ഞുകളയുന്നത് എന്ന് താങ്കൾക്ക് സംശയമുണ്ടായേക്കാം. സൃഷ്ടികളിൽ അധികമാളുകളും ഈ സൗഭാഗ്യം സമ്പാദിക്കുന്നതിൽ നിന്നും പിറകോട്ട് പോവുന്നു. അത് കരസ്ഥമാക്കുന്നതിൽ നിന്നും വിമുഖത കാണിക്കുന്നു. അതിന്റെ വഴി അന്വേഷിക്കുന്നതിൽ നിന്നും ആ മാർഗ്ഗത്തിൽ ക്ലേശിക്കുന്നതിൽ നിന്നും തിരിഞ്ഞുകളയുന്നു. അത് വളരെ ക്ലേശത്തിലൂടെ മാത്രമേ കരഗതമാവൂ എന്നതാണതിന് കാരണം. ആദ്യം പറയപ്പെട്ട രണ്ട് സൗഭാഗ്യങ്ങളിൽ നിന്നും വ്യത്യസ്തമായി അധ്വാനത്തിലൂടെയല്ലാതെ ഇത് നേടാൻ സാധ്യമല്ല.

ഉന്നത സ്ഥാനങ്ങൾ വെറുക്കപ്പെട്ട കാര്യങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു, ഞെരുക്കമാകുന്ന പാലത്തിലൂടെയല്ലാതെ സൗഭാഗ്യത്തിലേക്ക് ചെന്നെത്താൻ സാധ്യമല്ല. പരിശ്രമവും അധ്വാനവുമാകുന്ന കപ്പലിലൂടെയല്ലാതെ അതിലേക്കുള്ള ദൂരം താണ്ടുവാനും സാധ്യമല്ല.

ഇമാം മുസ്‌ലിം തന്റെ സ്വഹീഹിൽ പറയുന്നു: യഹ്‌യബ്നു അബൂകഥീർ പറഞ്ഞു: لا ينال العلم براحة الجسم 'ശരീരത്തിന്റെ വിശ്രമത്തോടൊപ്പം അറിവ് കരസ്ഥമാവുകയില്ല. ومن طلبَ الراحةَ تركَ الراحة (യഥാർത്ഥ) വിശ്രമത്തെ അന്വേഷിക്കുന്നവൻ വിശ്രമത്തെ ഉപേക്ഷിക്കുന്നു'. വളരെയേറെ

അർത്ഥഗർഭമായ ഒരു പഴമൊഴിയാണിത്.

ഈ സൗഭാഗ്യത്തെക്കുറിച്ചും അതിന്റെ മഹത്വത്തെക്കുറിച്ചും അധികമാളുകളും അജ്ഞരല്ലായിരുന്നുവെങ്കിൽ, അതിനുവേണ്ടി മനുഷ്യൻ ആയുധമേന്തി പോരടിക്കുമായിരുന്നു. സൗഭാഗ്യം ക്ലേശഫലമാണ്. അജ്ഞതയാലുള്ള മറയാൽ അത് തടയപ്പെട്ടിരിക്കുന്നു. തന്റെ അടിമകളിൽ നിന്നും അല്ലാഹു പ്രത്യേകമാക്കിയ ചിലർക്കല്ലാതെ അത് പ്രാപിക്കാൻ സാധ്യമല്ല. അല്ലാഹു മഹത്തായ അനുഗ്രഹങ്ങളുള്ളവനാകുന്നു. (മഫാതീഹ് ദാറുസ്സആദ:)

## أسباب السعادة

## സൗഭാഗ്യ മാർഗ്ഗങ്ങൾ

സൗഭാഗ്യത്തിന് അനുയോജ്യമായൊരു നിർവ്വചനം തിരയുകയാണിന്ന് പലരും. സൗഭാഗ്യമെന്നത് അല്ലാഹുവിനെ അനുസരിക്കുന്നതിലൂടെയും, അവനെ സ്നേഹിക്കുന്നതിലൂടെയും അതിനു മുന്നിട്ടിറങ്ങുന്നതിലൂടെയും, അവന്റെ അനുഗ്രഹങ്ങളിൽ നിന്നും ദൃഷ്ടാന്തങ്ങളിൽ നിന്നും പാഠമുൾക്കൊള്ളുന്നതിലൂടെയും ലഭിക്കുന്ന ആനന്ദമാണ്. ഈ വിശദീകരണം കൊണ്ട് അവർക്ക് മതിയാകുന്നില്ല.

സൗഭാഗ്യത്തിന് ധാരാളം കാരണങ്ങളുണ്ട്, ചിലത്:

1) ഏകദൈവാരാധനയും വിശ്വാസവും:

തൗഹീദിന്റെയും വിശ്വാസത്തിന്റെയും പൂർണ്ണത അനുസരിച്ചാണ് സൗഭാഗ്യവും ഹൃദയ വിശാലതയും ലഭ്യമാവുന്നത്.



അല്ലാഹു പറയുന്നു: 'ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴ വിലാക്കുവാനുദ്ദേശിക്കുന്നുവോ അവന്റെഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കിത്തീർക്കുന്നതാണ്. അവൻ ആകാശത്തിലൂടെ കയറിപ്പോകുന്നത് പോലെ' (അൻആം: 125). വീണ്ടും അല്ലാഹു പറയുന്നു:

﴿ وَمَن يُؤْمِنْ بِٱللَّهِ يَهْدِ قَلْبَهُۥ ﴾ ( التغابن : ١١ )

'വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുന്ന പക്ഷം അവന്റെ ഹൃദയത്തെ അവൻ നേർവഴിയിലാക്കുന്നതാണ്' (തഗാബുൻ: 11).

2) ആത്മ സംസ്കരണം:

ആത്മസംസ്കരണത്തിനും അതിന്റെ ഉന്നതിക്കുമായി പരിശ്രമിച്ച് ഇഹ്സാനിന്റെ പദവിയിലേക്കെത്തിയവൻ ഐഹികവും പാരത്രികവുമായ സൗഭാഗ്യം കരസ്ഥമാക്കി വിജയിച്ചു. ആത്മസംസ്കരണം സാധ്യമാവുന്നതും വിശ്വാസം നേടുന്നതും തൗഹീദിലൂടെയും, നിർബന്ധ കർമ്മങ്ങൾ പ്രവർത്തിക്കുന്നതിലൂടെയും നിഷിദ്ധങ്ങൾ വെടിയുന്നതിലൂടെയും, ഐച്ഛിക പുണ്യകർമ്മങ്ങൾ അധികരിപ്പിക്കുന്നതിലൂടെയുമാണ്.

3) നമസ്കാരം:

സൗഭാഗ്യ കാരണങ്ങളിൽ മർമ്മ പ്രധാനമായ ഒന്നാണ് നമസ്കാരം. അതുകൊണ്ടാണ് നബി (സ)ക്ക് നമസ്കാരം കൺകുളിർമ്മയായത്. നമസ്കാരം പരിശുദ്ധനായ സ്രഷ്ടാവുമായുള്ള അഭിമുഖ സംഭാഷണമാണ്. അവനെ സ്മരിക്കുന്നതി

ലൂടെ അനുഗ്രഹം നേടലും, വണക്കവും വിനയവും പ്രകടിപ്പി ക്കലും, അവനോടടുക്കലുമാണ്, പ്രത്യേകിച്ചും സുജൂദിൽ. ഈ അവസ്ഥയിൽ അടിമ തന്റെ റബ്ബിനോട് ഏറ്റവും കൂടുത ൽ അടുക്കുന്നു. ( يا بلال أرحنا بالصلاة ) 'ഓ ബിലാൽ, നമസ് കാരം കൊണ്ട് നമുക്ക് ആശ്വാസം നൽകൂ' എന്ന് നബി (സ) ബിലാൽ (റ)വിനോട് പറയാറുണ്ടായിരുന്നതും അതുകൊണ്ടു തന്നെയാണ്.

അപ്പോൾ വിശ്വാസി നമസ്കാരത്തിലൂടെ സുഭഗനാവുന്നു. അതിനുവേണ്ടി കാത്തിരിക്കുന്നു. അതിന്റെ സമയങ്ങളെ ഇഷ് ടപ്പെടുന്നു. അതുമുഖേന ആശ്വാസം കൊള്ളുകയും ചെയ്യു ന്നു. 'വരൂ നമുക്ക് നമസ്കരിക്കാം, അത് കഴിഞ്ഞാൽപ്പിന്നെ സ്വസ്ഥമായിട്ടിരിക്കാമല്ലോ' എന്ന് പറയുന്ന ചിലരുണ്ട്. ഇതും നമസ്കാരം കൺകുളിർമ്മയാണെന്ന യാഥാർത്ഥ്യവും എന്തു മാത്രം അന്തരം?!

4) സംതൃപ്തി, ഉള്ളതുകൊണ്ട് തൃപ്തിപ്പെടൽ:

ആത്മ സംതൃപ്തിയും ഉള്ളതുകൊണ്ട് തൃപ്തിപ്പെടലും സൗഭാഗ്യത്തിന്റെ കാതലായ, ആത്മ ശാന്തിയുടെ പ്രധാന ഭാഗമാണ്. അതിനാൽത്തന്നെ രോഗമോ ദാരിദ്ര്യമോ അതു പോലെയുള്ള മറ്റു പ്രയാസങ്ങളോ ഒരു സത്യവിശ്വാസിയെ ബാധിച്ചാൽപ്പോലും അവനെ സംതൃപ്തനും കൺകുളിർമ്മ യുള്ളവനുമായേ താങ്കൾക്കവനെ കാണുവാൻ സാധിക്കുക യുള്ളൂ. തനിക്ക് വിധിക്കപ്പെട്ടിട്ടില്ലാത്ത ഒരു കാര്യത്തെയും തന്റെ ഹൃദയം കൊണ്ടവൻ കൊതിക്കുകയില്ല. മറിച്ച് തന്നെ ക്കാൾ താഴെയുള്ളവരിലേക്ക് നോക്കി അവൻ സമാധാനി ക്കും. തന്നെക്കാൾ മീതെയുള്ളവരിലേക്ക് നോക്കി അവൻ



വ്യാമോഹിക്കുകയില്ല. അവൻ തന്റെ രക്ഷിതാവിൽ തൃപ്ത നാണ്. അല്ലാഹു അവന്ന് വേണ്ടി കണക്കാക്കുന്നതാണ് താൻ തനിക്ക് വേണ്ടി കണക്കാക്കുന്നതിനെക്കാൾ ഏറ്റവും ശ്രേഷ് ഠമെന്നും, തന്നോടുള്ള അവന്റെ കാരുണ്യമാണ് തന്റെ മാതാ പിതാക്കളുടെ കാരുണ്യത്തെക്കാൾ മഹത്തരമായതെന്നും അങ്ങേയറ്റം ദൃഢമായി അവൻ വിശ്വസിക്കുന്നു. അതുകൊണ്ട് തന്നെ അവൻ നിത്യസൗഭാഗ്യത്തിലും സ്ഥിരാനുഗ്രഹത്തിലു മാണ്.

5) അല്ലാഹുവെ ധാരാളമായി സ്മരിക്കൽ:

അല്ലാഹുവെ ധാരാളമായി ഓർക്കൽ ഹൃദയ വിശാലതക്കും ആത്മ ശാന്തിക്കുമുള്ള ഏറ്റവും വലിയൊരു മാർഗ്ഗമാണ്. മനോ ദുഃഖങ്ങളെയും വിഷമങ്ങളെയും നീക്കം ചെയ്യുന്നതിൽ അതി ന് അൽഭുതകരമായ ശക്തിയാണുള്ളത്. അല്ലാഹു പറയുന്നു:

﴿ ٱلَّذِينَ ءَامَنُواْ وَتَطۡمَئِنُّ قُلُوبُهُم بِذِكۡرِ ٱللَّهِۗ أَلَا بِذِكۡرِ ٱللَّهِ تَطۡمَئِنُّ ٱلۡقُلُوبُ ﴾ (الرعد : ٢٨)

'അതായത് വിശ്വസിക്കുകയും, അല്ലാഹുവെപ്പറ്റിയുള്ള ഓർ മ്മ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക, അല്ലാഹുവെ പറ്റിയുള്ള ഓർമ്മ കൊണ്ടത്രെ മന സ്സുകൾ ശാന്തമായിത്തീരുന്നത്' (റഅ്ദ്: 28).

6) ഉപകാരപ്രദമായ വിജ്ഞാനം:

വിജ്ഞാനം ഹൃദയത്തെ വിശാലമാക്കുകയും വികസിപ്പി ക്കുകയും ചെയ്യുന്നു, അങ്ങനെയത് ഇഹലോകത്തെക്കാൾ വിശാലമാവുന്നു. എന്നാൽ അജ്ഞത കുടുസ്സിനെയും ഇടു

**ക്കത്തെയും തടസ്സങ്ങളെയുമാണ് ഉണ്ടാക്കുന്നത്. അറിവു കൊണ്ട് സൗഭാഗ്യം കരസ്ഥമാവുന്നതിനെക്കുറിച്ച് മുമ്പേ നാം പ്രതിപാദിച്ചിട്ടുണ്ട്.**

7) സൃഷ്ടികൾക്ക് നന്മചെയ്യൽ:

**സൃഷ്ടികൾക്ക് നന്മ ചെയ്യുക, ധനം കൊണ്ടും കഴിവ് കൊണ്ടും ശാരീരിക ഉപകാരങ്ങൾ കൊണ്ടും സഹായിക്കുക, എന്നതെല്ലാം സൗഭാഗ്യത്തിന്റെയും ഹൃദയവിശാലതയുടെയും നിമിത്തങ്ങളിൽപ്പെട്ടതാണ്. കാരണം നന്മചെയ്യുന്ന ഉദാരൻ ജനങ്ങളിൽ ഏറ്റവും ഹൃദയ വിശാലതയുള്ളവനും, അവരിൽ ഏറ്റവും നല്ല മനസ്സിന്റെ ഉടമയുമായിരിക്കും.**

8) അനാവശ്യ നോട്ടം, സംസാരം, കേൾവി, കൂടിക്കലരൽ എന്നിവ ഒഴിവാക്കൽ:

**കാരണം, ഇവകൾ വേദനകൾക്കും, മനോദുഃഖങ്ങൾക്കും, ഇടുക്കത്തിനും, കുടുസ്സിനും, ശാശ്വത ശിക്ഷക്കും കാരണമാകുന്നതും, ഹൃദയത്തെ നശിപ്പിക്കുന്നതുമായ കാര്യങ്ങളാണ്. അത്തരം കാര്യങ്ങൾ ഉപേക്ഷിക്കുന്നതിലൂടെയല്ലാതെ ഹൃദയം സൗഭാഗ്യപൂർണ്ണമാവുകയില്ല.**

9) അല്ലാഹുവെ സ്നേഹിക്കലും അവനിലേക്ക് മടങ്ങലും:

**തന്റെ രക്ഷിതാവിനെ സ്നേഹിക്കുക, അവനിലേക്ക് മടങ്ങുക, അവനിലേക്ക് മുന്നിടുക, അവന്ന് ആരാധനകൾ നിർവ്വഹിച്ചുകൊണ്ട് അനുഗ്രഹീതനാവുക എന്നിവയിലുപരി ഹൃദയവിശാലതയുണ്ടാവാൻ ഒരു അടിമക്ക് ചെയ്യാൻ മറ്റൊന്നുമില്ല.**

**ഹൃദയം കുടുസ്സാവുന്നതിന്നും നാശഹേതുവാകുന്നതിന്നും ഇടയാവുന്ന ഏറ്റവും വലിയൊരു കാരണമാണ് അല്ലാഹു**



**വിൽ നിന്നും തിരിഞ്ഞുകളയൽ. അവനെ സ്മരിക്കുന്നതിൽ അശ്രദ്ധമാവുക, സൃഷ്ടികളോട് ഹൃദയം ബന്ധിതമാക്കുക, അവനെക്കാൾ മറ്റുള്ളവരെ സ്നേഹിക്കുക എന്നിവയും ഈ കാരണങ്ങളിൽപ്പെടുന്നു.**

10) പശ്ചാത്താപവും പാപമോചനാർത്ഥനയും

11) അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കൽ.

12) വിപത്തുകളിൽ ക്ഷമിക്കൽ:

**ഈ മൂന്നെണ്ണവും സൗഭാഗ്യഅടയാളങ്ങളാണെന്ന് മുമ്പ് വിവരിച്ചിട്ടുണ്ട്.**

13) പ്രാർത്ഥനയും ഖുർആൻ പാരായണവും:

**പ്രാർത്ഥനാ വേളകളിലും ഖുർആൻ പാരായണം ചെയ്യുമ്പോഴും ഏതൊരാൾക്കും മറ്റൊന്നു കൊണ്ടും ലഭിക്കാത്ത ശാന്തതയും സമാധാനവും ഹൃദയ വിശാലതയും ലഭിക്കുന്നു.**

14) ഹൃദയത്തിന്റെ ശക്തിയും സ്ഥൈര്യവും:

**അതിനാൽത്തന്നെ എപ്പോഴൊക്കെ ഹൃദയം അല്ലാഹുവിന്റെ മേൽ അവലംബിക്കുകയും, അവന്റെ മേൽ ഭരമേൽപ്പിക്കുകയും, ഊഹാപോഹങ്ങൾക്ക് വശംവദനാവാതിരിക്കുകയും, ദുഷ്ടസങ്കൽപ്പങ്ങൾ കീഴ്പ്പെടുത്താതിരിക്കുകയും ചെയ്തുവോ, അതുപോലെ അല്ലാഹുവിൽ ഉറച്ച് വിശ്വസിക്കുകയും, അവന്റെ അനുഗ്രഹങ്ങൾ ആഗ്രഹിക്കുകയും ചെയ്തുവോ അപ്പോഴെല്ലാം മനപ്രയാസങ്ങളും മനോദുഃഖങ്ങളും അവനിൽ നിന്നും വിട്ടുപോകുന്നതാണ്. മാനസികവും ശാരീരികവുമായ അനേകം രോഗങ്ങൾ അവനിൽ നിന്നും നീങ്ങിപ്പോകുന്നതുമാണ്.**

15) നല്ലവരുമായി സഹവസിക്കൽ:

**താൻ കൂടിക്കലർന്ന് ജീവിക്കുന്നവരുടെ സ്വഭാവാചാരങ്ങൾ ജീവിതത്തിൽ പകർത്തുക എന്നത് സാമൂഹ്യജീവിയായ മനുഷ്യന്റെ പ്രകൃതമാണ്. അതുകൊണ്ട് തന്നെ മനുഷ്യൻ സുഭഗരുമായി കൂടിക്കലരുന്നുവെങ്കിൽ അവരെ മാതൃകയാക്കുകയും അവരുടെ കാൽപ്പാടുകൾ പിൻപറ്റുകയും ചെയ്യും. എന്നാൽ ദുർഭഗരുമായാണ് കൂടിക്കഴിയുന്നതെങ്കിൽ അവരെപ്പോലെ അവനും ദുർഭഗനായി മാറും.**

16) ആശ, ശുഭപ്രതീക്ഷ, ആഗ്രഹം:

**നിരാശക്ക് കീഴ്പ്പെടൽ ദുഃഖത്തിനും മനപ്രയാസത്തിനും ഖേദത്തിനും വെപ്രാളത്തിനും അസ്വസ്ഥതക്കും ഇടയാക്കുന്നു. ഹദീസിൽ കാണാം:**

**( كان النـ صلى ا عليه وسلم ـب الفأل ويكره الطـ ة )**

**'നബി (സ) ശുഭാപ്തി വിശ്വാസത്തെ ഇഷ്ടപ്പെടുകയും ശകുനം നോക്കലിനെ വെറുക്കുകയും ചെയ്തിരുന്നു' (അഹ്മദ്, ബൈഹഖി).**

17) സൽക്കർമ്മങ്ങളോടൊപ്പമുള്ള ദീർഘായുസ്സ്:

**അബൂബക്റത് (റ) തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു, ഒരാൾ നബി (സ)യോട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, മനുഷ്യരിൽ ഏറ്റവും ഉത്തമൻ ആരാണ്? അദ്ദേഹം പറഞ്ഞു: 'തന്റെ ആയുസ്സ് ദീർഘിക്കുകയും കർമ്മങ്ങൾ നന്നാവുകയും ചെയ്തവനാണ്' (അഹ്മദ്, തുർമുദി).**

18) മാതാപിതാക്കൾക്ക് പുണ്യം ചെയ്യൽ, കുടുംബ ബന്ധം ചേർക്കൽ:



**മനുഷ്യൻ തന്റെ മാതാപിതാക്കൾക്ക് പുണ്യം ചെയ്യുകയും കുടുംബ ബന്ധം ചേർക്കുകയും ചെയ്താൽ, അതു മുഖേന അവന്ന് സൗഭാഗ്യവും മനഃശാന്തിയും ഹൃദയ വിശാലതയും ലഭിക്കുന്നതാണ്. തന്റെ മാതാപിതാക്കളെ ഉപദ്രവിക്കുകയും കുടുംബബന്ധം മുറിക്കുകയും ചെയ്താൽ അതിലൂടെയവന്ന് ഞെരുക്കവും പാപബോധവും മനോദുഃഖവും വെപ്രാളവും ഉണ്ടാവുന്നു.**

19) അനുവദനീയമായ സമ്പാദ്യം:

**താൻ ഭക്ഷിക്കുന്നത് അനുവദനീയമായ ധനമാണെന്ന് ഒരാൾക്ക് ബോധമുണ്ടാവുമ്പോൾ അവന്റെ മനസ്സ് സമാധാനമടയുകയും അവന്ന് ആശ്വാസം തോന്നുകയും ചെയ്യും. എന്നാൽ തന്റെ ഭക്ഷണവും പാനീയവും വസ്ത്രവും നിഷിദ്ധമായതിൽ നിന്നാണെന്ന് മനസ്സ് മന്ത്രിക്കുമ്പോൾ അവന്റെ മനസ്സ് ചീത്തയാവുന്നു, ഹൃദയം അസ്വസ്ഥമാവുന്നു. തന്റെ രഹസ്യങ്ങൾ ഏത് നിമിഷവും വെളിച്ചത്ത് വരുമെന്നും തനിക്ക് അപമാനവും വഷളത്തവും ഉണ്ടാവുമെന്നും അവൻ ഭയപ്പെടുകയും ചെയ്യുന്നു.**

20) സഹധർമ്മിണി, അയൽവാസി, വാഹനം, പാർപ്പിടം:

**സഈദുബ്നു അബീവഖാസ്വ് (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: നബി (സ) പറഞ്ഞു: 'നാല് കാര്യങ്ങൾ സൗഭാഗ്യത്തിൽപ്പെട്ടതാണ്: സദ്വൃത്തയായ സഹധർമ്മിണി, വിശാലമായ (സൗകര്യങ്ങളുള്ള) പാർപ്പിടം, നല്ല അയൽക്കാരൻ, സുഖകരമായൊരു വാഹനം. നാല് കാര്യങ്ങൾ ദൗർഭാഗ്യത്തിൽപ്പെട്ടതാണ്: ദുഷിച്ച ഭാര്യ, ദുഷ്ടനായ അയൽക്കാരൻ, മോശ**

മായ വാഹനം, ഇടുങ്ങിയ (സൗകര്യങ്ങളില്ലാത്ത) വീട് (ഹാകിം, ബൈഹഖി).

ഈ പറയപ്പെട്ടതല്ലാത്ത വേറെയും കാര്യങ്ങൾ സൗഭാഗ്യത്തിന്റെ കാരണങ്ങളായുണ്ട്. പക്ഷെ, അതിവിടെ എണ്ണിപ്പറയൽ പ്രയാസകരമാണ്. അപ്പോൾ, നിയമകർത്താവായ അല്ലാഹു കൽപിച്ചതും പ്രേരിപ്പിച്ചതും ആഗ്രഹം ജനിപ്പിച്ചതുമായ കാര്യങ്ങളൊക്കെയും സൗഭാഗ്യത്തിന്റെ കാരണങ്ങളിൽപ്പെട്ടതാണ്. അതുപോലെ, അവൻ വിരോധിച്ചതും ജാഗ്രതപ്പെടുത്തിയിട്ടുള്ളതുമായ മുഴുവൻ കാര്യങ്ങളും ദൗർഭാഗ്യത്തിന്റെ കാരണങ്ങളിൽപ്പെട്ടതുമാണ്.

*************

## “സൗഭാഗ്യത്തിലേക്കുള്ള പാത”

### എന്ന പുസ്തകത്തെ അടിസ്ഥാനമാക്കി റബ്‌വ ഇസ്‌ലാമിക് സെന്റർ സംഘടിപ്പിക്കുന്ന വിശുദ്ധ റമളാൻ

# വൈജ്ഞാനിക മത്സരം 2010

**നിബന്ധനകൾ:**

**1 മുഴുവൻ ഉത്തരങ്ങളും നിർണ്ണിത പുസ്തകത്തെ ആധാരമാക്കിയിട്ടുള്ളതായിരിക്കണം.**

**2 ഉത്തരപ്പേപ്പർ ശവ്വാൽ 29 ന് മുമ്പ് ഏൽപ്പിച്ചിരിക്കണം .**

**3 ഉത്തരപ്പേപ്പർ സ്വീകരിക്കുന്ന സ്ഥലങ്ങൾ:റബ്‌വ ഇസ്‌ലാമിക് സെന്റർ, പോസ്റ്റൽ അഡ്രസ്സ് വഴി** P.B **29465:RIYADH 11457: ഇമെയിൽ [jaliyat@islamhouse.com](mailto:jaliyat@islamhouse.com) , റിയാദ് ഇന്ത്യൻ ഇസ്‌ലാഹീ സെന്റർ, സലഫീ മദ്റസ്സ റിയാദ്,**

**4 ഉത്തരപ്പേപ്പറിൽ പേര്,ഫോൺ നമ്പർ,ഇ മെയിൽ അഡ്രസ്സ് എന്നിവ ഉണ്ടായിരിക്കണം.**

**5 മറ്റു രാജ്യങ്ങളിൽ നിന്ന് മത്സരത്തിൽ പങ്കടുക്കുന്നവർ സമ്മാനാർഹരാകുന്ന പക്ഷം അത് ലഭിക്കുവാൻ മത്സരാർ ത്ഥിയുടെ അതേ പേരിലുള്ള ബാങ്ക് എക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.**

**6 100 ശതമാനം മാർക്ക് നേടുന്നവരിൽ നിന്ന് നറുക്ക് എടുത്ത് സമ്മാനർഹരെ തെരെഞ്ഞടുക്കുന്നതും പ്രസ്തുത ലിസ്റ്റ് റബ്‌വ ഇസ്‌ലാമിക് സെന്ററിലും, അതിന്റെ വെബ് സൈറ്റിലും ദുൽഖഅദ് മാസത്തിൽ പ്രസിദ്ധീകരിക്കുന്നതുമാണ് .**

**7 ഉത്തരങ്ങൾ കൃത്യവും ഭംഗിയായി എഴുതിയുരിക്കുകയും ചെയ്യണം.**

**8 വഞ്ചന പാപമാണ്. അതിനാൽ ഓരേ പോലെയുള്ള ഉത്തരപ്പേപ്പർ മൂല്യനിർണ്ണയത്തിന് പരിഗണിക്കപ്പെടുന്നതല്ല.**

**9 പങ്കെടുക്കുന്നവർ പത്തു വയസ്സിനു മുകളിലുള്ളവരായിരിക്കണം.**

**10 സമ്മാനർഹർ ദുൽഹജ്ജ് മാസം അവസാനത്തിന് മുമ്പായി അത് കൈപ്പറ്റാത്ത പക്ഷം പിന്നീട് അത് ലഭിക്കുന്നതേയല്ല.**

**11 ചോദ്യാവലിയും പുസ്തകവും ലഭിക്കുവാൻ റബ്‌വ ഇസ് ലാമിക് സെന്ററിലോ, റിയാദ് ഇന്ത്യൻ ഇസ്‌ലാഹീ സെന്ററിലോ ബന്ധപ്പെടാവുന്നതാണ്,**

## സമ്മാനങ്ങൾ

**ഒന്നാം സമ്മാനം 1500 റിയാൽ**

**രണ്ടാം സമ്മാനം 1250 റിയാൽ**

**മൂന്നാം സമ്മാനം 1000 റിയാൽ**

നാലാം സമ്മാനം 300 റിയാൽ വീതം ഏഴു പേർക്ക്

അഞ്ചാം സമ്മാനം 200 റിയാൽ വീതം പത്ത് പേർക്ക്

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

സ്വലാഹി : **0555478818 , 0509019814**

## ചോദ്യാവലി

1 സൗഭാഗ്യത്തിനുള്ള കാരണമായി ഈ പുസ്തകം പരിചയപ്പെടുത്തുന്ന കാര്യങ്ങൾ എത്ര? ഏവ?

2 സൗഭാഗ്യവാൻമാരാകാൻ എന്ത് ചെയ്യണമെന്നതിനു പരിഹാരം നിർദ്ദേശിക്കുന്ന രണ്ട് ഖുർആൻ വചനങ്ങൾ എഴുതുക? (20 × 2 = 40 മാർക്ക്)

3 ഈ പുസ്തകത്തിലൂടെ പരിചയപ്പെടുത്തിയ ഖുർആൻ വചനങ്ങൾ ആകെ എത്ര?

4 ഇബ്റാഹീം ഇബ്നു അദ്ഹം പറഞ്ഞ എത്ര വചനങ്ങൾ ഈ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുണ്ട് ?

5 മനോവിഷമങ്ങളും ദു:ഖങ്ങളും ദൂരീകരിക്കാൻ നബി ﷺ പഠിപ്പിച്ച മാർഗ്ഗം എന്താണ് ?

6 ഒരു അടിമക്ക് ആനന്ദവും സന്തോഷവും സമാധാനവും ലഭിക്കാൻ പൂർത്തിയാക്കേണ്ട ഘടകങ്ങൾ ഏവ ?

7 ഇബ്നു ഖയ്യിം പറഞ്ഞ സൗഭാഗ്യത്തിന്റെ മൂന്ന് ലക്ഷണങ്ങൾ എഴുതുക ?

8 മഹാനായ ഇബ്നുൽ ഖയ്യിം رحمه الله വിന്റെ അഭിപ്രായപ്രകാരം യഥാർത്ഥഭാഗ്യം എന്ന് വിശേഷിപ്പിച്ചത് എന്തിനെയാണ്.? എന്തുകൊണ്ട് ?

(3മുതൽ 8 വരെ (10 × 6 = 60 മാർക്ക്)